# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.6/2386/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.6/2386/2023 തീയ്യതി: 06/12/2023

## മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 09-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ കെ.കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2023 | 18-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-10-2023 | 18-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അബ്ദുൾ സത്താർ.സി.പി., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. റഷീദ്. വി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. മുഹമ്മദ് നൗഷാദ്.എ.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. ജിഷ സി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ഇ.ആർ ഓമന അമ്മാൾ | സെക്രട്ടറി | 01-04-2022 | 07-04-2022 |
| ശ്രീ. അബ്ദുൽ ഗഫൂർ ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-04-2022 | 10-04-2022 |
| ശ്രീ. കൃഷ്ണദത്ത് പി.എസ് | സെക്രട്ടറി | 11-04-2022 | 13-04-2022 |
| ശ്രീ. അബ്ദുൽ ഗഫൂർ ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-04-2022 | 22-04-2022 |
| ശ്രീ. അനിൽകുമാർ ആർ | സെക്രട്ടറി | 23-04-2022 | 10-07-2022 |
| ശ്രീ. അബ്ദുൽ ഗഫൂർ ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-07-2022 | 15-08-2022 |
| ശ്രീ. അനിൽ കുമാർ ആർ | സെക്രട്ടറി | 16-08-2022 | 29-09-2022 |
| ശ്രീ. അബ്ദുൽ ഗഫൂർ ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-09-2022 | 20-10-2022 |
| ശ്രീമതി. സുഷമ കുമാരി എസ് | സെക്രട്ടറി | 21-10-2022 | 17-11-2022 |
| ശ്രീ. അബ്ദുൽ ഗഫൂർ ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-11-2022 | 04-12-2022 |
| ശ്രീമതി. സുഷമകുമാരി എസ് | സെക്രട്ടറി | 05-12-2022 | 16-02-2023 |
| ശ്രീ. അബ്ദുൽ ഗഫൂർ ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-02-2023 | 12-03-2023 |
| ശ്രീമതി. സുഷമകുമാരി എസ് | സെക്രട്ടറി | 13-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അബ്ദുൽ ഗഫൂർ ടി | അസി. സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. ജമീല മുംതാസ് പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 06-06-2022 |
| ശ്രീ. ശ്രീകാന്ത് കെ.ഇ | അസിസ്റ്റന്റ് എഞ്ചിനിയർ | 07-06-2022 | 30-07-2022 |
| ശ്രീമതി. ജമീല മുംതാസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-08-2022 | 31-10-2022 |
| ശ്രീ. സോണി എം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-11-2022 | 19-11-2022 |
| ശ്രീമതി. ജമീല മുംതാസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 20-11-2022 | 31-03-2023 |
| ശ്രീമതി. സന്ധ്യ ടി.പി | വെറ്ററിനറി സർജൻ | 01-04-2022 | 13-06-2022 |
| ശ്രീമതി. ഗ്രെയ്സ് എം.ആർ | വെറ്ററിനറി സർജൻ | 14-06-2022 | 31-03-2023 |
| ശ്രീമതി. റൈഹാനത്ത് യു | കൃഷി ഓഫീസർ | 01-04-2022 | 27-07-2022 |
| ശ്രീമതി. സീനത്ത് കെ.കെ | കൃഷി ഓഫീസർ | 28-07-2022 | 15-10-2022 |
| ശ്രീ, ഷെബിൻ ടി.പി | കൃഷി ഓഫീസർ | 16-10-2022 | 31-03-2023 |
| ശ്രീ. സുധീർ എ വി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 09-06-2022 |
| ശ്രീ. ഷെബിൻ പി.എ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 10-06-2022 | 31-03-2023 |
| ശ്രീമതി. ബാസിമ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. രതീഷ് വി.വി | വി. ഇ. ഒ | 01-04-2022 | 22-06-2022 |
| ശ്രീ. അബ്ദുൽ ഗഫൂർ എൻ | വി. ഇ. ഒ | 23-06-2022 | 18-12-2022 |
| ശ്രീ. ബിജു കെ.ജെ | വി. ഇ. ഒ | 19-12-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു എൻ കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി. നഷാത്ത് കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രജു എസ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. സുബ്രഹ്മണ്യൻ പാട്ടുകാണി | ഹെഡ് മാസ്റ്റർ | 01-04-2022 | 31-05-2022 |
| ഒഴിവ് | ഹെഡ് മാസ്റ്റർ | 01-06-2022 | 30-09-2022 |
| ശ്രീ. അബ്ദുൽ ജബ്ബാർ കാരണത്ത് | ഹെഡ് മാസ്റ്റർ | 01-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം | 1-1-4 |
| 6 | തൊഴിലുറപ്പ പദ്ധതിയിൽ തുക വ്യത്യാസം | 1-1-5 |
| 7 | ബാങ്ക് റീകൺസിലിയേഷൻ പത്രിക സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | ലൈസൻസ് ഫീസ് ഇനത്തിലെ വരവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ലോൺ ഇനത്തിലെ വരവ് ചെലവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക നില | 1-3 |
| 12 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | തനത് വരുമാന സമാഹരണം - അവലോകനം. | 1-11 |
| 20 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-12 |
| 21 | ഊർങ്ങാട്ടിരി ഫെസ്റ്റ് - പി.പി.ആർ ലൈസൻസ് അനുവദിക്കാതെ ഗ്രാമപഞ്ചായത്തിന്റെ ഗ്രൗണ്ട് വിട്ടു നൽകി - ഗ്രൗണ്ട് ഫീസിനത്തിലും ഗ്രാമപഞ്ചായത്തിന് നഷ്ടം. | 1-13 |
| 22 | നികുതി ഒഴിവാക്കപ്പെട്ട കെട്ടിടത്തിൽ എം.സി.എഫ് പ്രവർത്തിക്കുന്നതും വാടക അനുവദിക്കുന്നതും | 1-14 |
| 23 | വാർത്താവിനിമയ ഗോപുരങ്ങളുടെ നമ്പറിംഗ് - പെർമിറ്റ് കാലാവധി പരിഗണിച്ചില്ല. | 1-15 |
| 24 | റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല. | 1-16 |
| 25 | പെട്രോൾ പമ്പ്-തൊഴിൽ നികുതി ഈടാക്കാത്തതും ലൈസൻസ് ഫീസ് കുറവായി ഈടാക്കുന്നതും സംബന്ധിച്ച്. | 1-17 |
| 26 | നികുതി അടവാക്കാതെ വാർത്താ വിനിമയ ഗോപുരം പ്രവർത്തിക്കുന്നു | 1-18 |
| 27 | സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ | 1-19 |
| 28 | കുടിവെള്ള പദ്ധതികളുടെ കുടിശ്ശിക – പഞ്ചായത്ത് തീരുമാനം നടപ്പിലാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 29 | ജൈവവളത്തിന് കമ്പോസ്റ്റ് വളത്തിന്റെ വില നൽകി. | 1-21 |
| 30 | അനുവാദമില്ലാത്ത സ്ഥാപനങ്ങളിൽ നിന്ന് നടീൽ വസ്തുക്കൾ നേരിട്ട് വാങ്ങി. | 1-22 |
| 31 | ലാപ്ടോപ്പ് വിതരണം - പട്ടികജാതി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-23 |
| 32 | മിനി എം.സി.എഫ്, ബോട്ടിൽ ബൂത്ത് എന്നിവയുടെ നിർമ്മാണം - അധിക തുക അനുവദിച്ചു. | 1-24 |
| 33 | ഐ.കെ.എം ന് വിഹിതം നൽകി- കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. | 1-25 |
| 34 | ഇലക്ട്രിഫിക്കേഷൻ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-26 |
| 35 | സ്ട്രീറ്റ് ടാപ്പ്-ഡിമാന്റിലെ അപാകതകൾ പരിഹരിച്ച് വാട്ടർ ചാർജ്ജ് അടവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-27 |
| 36 | തെരുവു വിളക്ക് സ്ഥാപിക്കൽ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-28 |

| | | |
|---|---|---|
| 37 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-29 |
| 38 | എഫ്.എച്ച്.സി മെഡിക്കൽ ഓഫീസറുടെ വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകൾ-ക്വട്ടേഷൻ/സ്റ്റോക്ക് അപാകതകൾ | 1-30 |
| 39 | ലൈഫ്-ആദ്യ ഘഡു അനുവദിച്ച് കാലമേറെയായിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല | 1-31 |
| 40 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-32 |
| 41 | പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-33 |
| 42 | കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-34 |
| 43 | അസിസ്റ്റന്റ് എഞ്ചിനിയർ - കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-35 |
| 44 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി. | 1-36 |
| 45 | ഐ.സി.ഡി.എസ് സൂപ്പർവൈസർ-കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-37 |
| 46 | ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങൽ - അപാകതകൾ | 1-38 |
| 47 | വിദ്യാർത്ഥികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ വിതരണം- അനുമതിയില്ലാത്ത പ്രൊജക്റ്റ് നടപ്പാക്കി. | 1-39 |
| 48 | എസ്.എസ്.കെ വിഹിതം - പ്രൊജക്റ്റ് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-40 |
| 49 | 94.22 ഏക്കർ പുറമ്പോക്ക് കയ്യേറ്റം ചെയ്യപ്പെട്ടു - ആസ്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. | 1-41 |
| 50 | അംഗൻവാടി ഭൂമി സ്വകാര്യ വ്യക്തി കയ്യേറി- കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-42 |
| 51 | ഹരിതകർമ്മസേന പ്രവർത്തനാവലോകനം | 1-43 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മിനി എം.സി.എഫ്, ബോട്ടിൽ ബൂത്ത് എന്നിവയുടെ നിർമ്മാണം - അധിക തുക അനുവദിച്ചു. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ . | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**I)** കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് ) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24.7.2023 ലെ 5(1) നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 30.07.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

**Ii)**C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**Iii)** എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

സ്ഥലം : മലപ്പുറം

തീയതി :06-12-2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-3 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും (25563076) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (2751744) തുല്യമല്ല.

### 1-1-5 തൊഴിലുറപ്പ് പദ്ധതിയിൽ തുക വ്യത്യാസം

തൊഴിലുറപ്പ് പദ്ധതി ഇനത്തിൽ തൊഴിലുറപ്പ് പദ്ധതി സെക്ഷൻ ലഭ്യമാക്കിയ കാഷ് ബുക്ക്/ പത്രിക പ്രകാരം ഭരണ ചെലവുകൾ ഇനത്തിൽ ആകെ വരവ് 1722688 രൂപയും ചെലവ് 2156319 രൂപയും ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക 47813820 രൂപയുമാണ്. ഇത് വാർഷിക കണക്കിലെ RP വരവ് ചെലവ് തുകകളുമായും, I-6, I-14 എന്നിവയിലെ തുകകൾ തമ്മിലും പൊരുത്തപ്പെടുന്നില്ല.

### 1-1-6 ബാങ്ക് റീകൺസിലിയേഷൻ പത്രിക സാക്ഷ്യപ്പെടുത്തുന്നില്ല.

ബാങ്ക് റീകൺസിലിയേഷൻ പത്രിക എല്ലാ മാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

### 1-1-7 ലൈസൻസ് ഫീസ് ഇനത്തിലെ വരവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഫാക്ടറി/വ്യാപാര ലൈസൻസ് ഫീസ് ഇനത്തിൽ AFS പ്രകാരം അഡ്വാൻസ് 51100രൂപയും തൻവർഷ കളക്ഷൻ 77100 രൂപയും ഉൾപ്പടെ ആകെ കളക്ഷൻ 128200 രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം 494600+128200=622800 രൂപയാണ് ആകെ കളക്ഷൻ.

### 1-1-8 ലോൺ ഇനത്തിലെ വരവ് ചെലവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരം ലോൺ ഇനത്തിൽ ചുവടെ ചേർത്ത പ്രകാരമാണ് വരവ് ചെലവുകൾ

| ക്രമ നം | വായ്പ ഏജൻസി | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | HUDCO | 3927347 | 0 | 0 | 3927347 |
| 2 | KURDFC | 0 | 19520000 | 0 | 19520000 |

ലോൺ രജിസ്റ്ററിലെ സംക്ഷിപ്തം പ്രകാരം KURDFC ലോൺ ഇനത്തിൽ വരവ് ചെലവുകൾ ഇല്ല. HUDCO ലോൺ ഇനത്തിൽ മുന്നിരിപ്പ്-3927347 രൂപ, വരവ് - ഇല്ല, ചെലവ് /റിപെയ്മെന്റ് - 2589365 , നീക്കിയിരിപ്പ് - 1337982 എന്നിങ്ങനെയാണ്.

## 1-2 ബജറ്റ്

| 2022 -23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/24-03-2022 | 1/16-03-2023 |

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 46328232.71 |
| വരവ് | 325237803 |
| ആകെ | 371566035.71 |
| ചെലവ് | 299674727 |
| നീക്കിയിരിപ്പ് | 71891308.71 |

കുറിപ്പ്:- വരവ് ചെലവ് തുകകൾ കണക്കാക്കിയപ്പോൾ RPC പ്രകാരമുള്ള വരവ്/ചെലവും ബി ഫണ്ട് തുകയും എൻ.ആർ.ഇ.ജി.എസ്. ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയും എ.സി.ആർ. പ്രകാരം CFC Tied/Untied ഒഴികെയുള്ള വരവ്/ചെലവ് തുകകളുമാണ് കണക്കിലെടുത്തത്.

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 33340655 | 33340655 | 29887963 | 3452692 |
| വികസനഫണ്ട് (എസ്.സി.പി) | 00 | 7448582 | 7448582 | 6672819 | 775763 |
| വികസനഫണ്ട് (ടി.എസ്.പി) | 00 | 2265598 | 2265598 | 2254400 | 11198 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 00 | 10172000 | 10172000 | 6293456 | 3878544 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 9638000 | 9638000 | 80004549 | 1633451 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 00 | 11710590 | 11710590 | 3866106 | 7844484 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied | 00 | 5932000 | 5932000 | 5947617 | -15617 |
| ബി ഫണ്ട് | 00 | 59795060 | 59795060 | 59795060 | 00 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 286 | 192893521 | 168 | 93898549 | 78 | 40 | 48.6 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 533426 | 1722688 | 2256114 | 2156319 | 99795 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 47813820 | 47813820 | 47813820 | 0 |

കുറിപ്പ്-തൊഴിലുറപ്പ് പദ്ധതി ഇനത്തിലെ വരവ് ചെലവുകൾ വാർഷിക കണക്കും തൊഴിലുറപ്പ് പദ്ധതി സെക്ഷൻ ലഭ്യമാക്കിയ കാഷ് ബുക്ക്/ പത്രിക/ രേഖകൾ പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. തൊഴിലുറപ്പ് പദ്ധതി സെക്ഷൻ ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിരിക്കുന്നത്. വാർഷിക കണക്ക് തയ്യാറാക്കിയപ്പോൾ അപാകത സംഭവിച്ചതായി അക്കൗണ്ടന്റ് രേഖാമൂലം അറിയിച്ചിട്ടുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11760 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 7223400 | 628 |
| വിധവാപെൻഷൻ | 17247400 | 1558 |
| വാർദ്ധക്യകാലപെൻഷൻ | 27564000 | 2677 |
| വികലാംഗപെൻഷൻ | 6897300 | 623 |
| വിവാഹ ധനസഹായം | 480000 | 16 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 371200 | 36 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2023 ന് 2.50 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3854/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. - പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും ഉൾപ്പെട്ടിട്ടില്ല
2. പഞ്ചായത്തിന്റെ ആസ്തി കയ്യേറ്റം ചെയ്യപ്പെട്ടത് തിരിച്ചു പിടിക്കുന്നതിന് പഞ്ചായത്ത് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല ( ഖ 1-41, 1-42)

3. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ( ഖ 1-19 )

4. ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. കേടാകുന്ന തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനുള്ള പരാതി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

6. പ്രവർത്തിക്കാത്ത സ്ട്രീറ്റ് വാട്ടർ ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാതെ വാട്ടർ ചാർജ്ജ് ഒടുക്കുന്നത് നിർത്തിവച്ചതുമൂലം പിഴ ഇനത്തിൽ പഞ്ചായത്തിന് വൻ ബാധ്യത ഉണ്ടായി. ( ഖ 1- 27)

7. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.

8. വാർഷിക പദ്ധതി തയ്യാറാക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല.

9. വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല.

10. ബജറ്റ് തയ്യാറാക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.

11. സ്റ്റോക്ക് രജിസ്റ്ററുകൾ, ഗ്രാമ പഞ്ചായത്തിൽ നിന്ന് വിവിധ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നവരുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ അവയുടെ ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റുന്ന രീതിയിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കുന്നില്ല.

12. അസിസ്റ്റന്റ് എഞ്ചിനിയർ, ICDS സൂപ്പർവൈസർ എന്നീ നിർഹണോദ്യോഗസ്ഥരുടെ സ്പെഷ്യൽ TSB അക്കൗണ്ടിൽ കണക്കിൽപെടാത്ത പണം അവശേഷിക്കുന്നു.

13. ഗ്രാമ പഞ്ചായത്തിന് ജലലഭ്യത, മാലിന്യ സംസ്കരണം, വിട്ടു കിട്ടിയ ഉദ്യോഗസ്ഥരുടെ സേവന ലഭ്യത, കെട്ടിട നിർമാണ ചട്ടങ്ങൾ പ്രകാരമുള്ള പാർക്കിങ്ങ് അടക്കമുള്ള നിബന്ധനകൾ എന്നിവ ഉറപ്പു വരുത്തുന്നതിന് ഉചിതമായ എല്ലാ സൗകര്യങ്ങളുമുള്ള കാര്യാലയം ഒരുക്കുന്നതിന് പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

14. പഞ്ചായത്ത് കാര്യാലയത്തിലും ഘടക സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ഉപയോഗരഹിതമായ ഉകരണങ്ങൾ, ടയറുകൾ, ഫർണിച്ചർ തുടങ്ങിയവ അതാതു സമയമോ വർഷത്തിലൊരിക്കലെങ്കിലോ നിയമവിധേയമായി കൈയൊഴിഞ്ഞ് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. വാങ്ങൽ നടപടിക്രമങ്ങളുടെ ഭാഗമായി കൊണ്ടു വരുന്ന സാമ്പിളുകൾ പ്രസ്തുത നടപടികൾ പൂർത്തിയായാലുടൻ തിരിച്ചു കൊണ്ടു പോകാനും അല്ലാത്ത പക്ഷം പഞ്ചായത്തിൽ മുതൽക്കൂട്ടി ഉപയോഗപ്പെടുത്താനും നടപടിയെടുക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ടെണ്ടർ/ ക്വട്ടേഷൻ നിബന്ധനകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.11.2022 | 04/22 To 10/22 | 04.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.05.2015 | 2010-11 മുതൽ 2014-15 വരെ | 23.12.2015 |

## 1-11 തനത് വരുമാന സമാഹരണം - അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

**1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.**

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 16 തവണയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നതെങ്കിലും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് ഈടാക്കുന്നതിനോ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഒടുക്കാതെ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളിൽ നിന്നും ആയവ പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ലൈസൻസ് അദാലത്ത് നടത്തുന്നത് പോലുള്ള നടപടികൾ സ്വീകരിക്കുന്നതിനോ പുതിയ തനത് വരുമാന മേഖലകൾ കണ്ടെത്തുന്നതിനോ നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും

അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

**വസ്തുനികുതി.**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD /20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ച് വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തി അന്തിമ വിജ്ഞാപനം A2/3185/2023/21.08.23 നമ്പർ നോട്ടീസ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും നിശ്ചയിച്ച കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിലെ (സ.ഉ.(അച്ചടി) നം.25/2023/LSGD തീയതി.05.04.2023) ഏറ്റവും ഏറ്റവും കുറഞ്ഞതോ കുറഞ്ഞ വർദ്ധനവ് ചെയ്യുതോ ആയ നിരക്കാണ് ഭൂരിപക്ഷം കെട്ടിടങ്ങൾക്കും നിരക്ക് നിശ്ചയിച്ച് നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളത്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ച കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ച കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) A2-3185/2023/17.05.23നമ്പർ നോട്ടീസ് പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നു കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി, മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ചാണ് ഓരോ കെട്ടിട വിഭാഗത്തിന്റേയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്യേണ്ടത്.

3). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം എന്നിവ തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ച കൊണ്ടുമുള്ള പഞ്ചായത്ത് ഭരണസമിതി യോഗ തീരുമാനമോ നോട്ടീസോ പരസ്യപ്പെടുത്തിയിട്ടില്ല. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടതും ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. 24.07.23 ലെ 8(1) നമ്പർ ഭരണസമിതി തീരുമാനം പ്രകാരം മേഖല വിഭജനം, റോഡുകളുടെ തരംതിരിവ് എന്നിവ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

4). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് വസ്തു നികുതി വിജ്ഞാപനത്തിന്റെ കൂടെ 21.08.23നാണ് പുറപ്പെടുവിച്ചത്.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 662 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ താത്കാലിക ഓവർസിയർമാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുവെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

**സേവന ഉപനികുതി**

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രെയിനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|

| | |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

**കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്.**

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് പരിധിയിൽ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഇല്ല.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയ വിവരം ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

വാർഷിക കണക്ക്/ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം തൊഴിൽ നികുതി ട്രേഡേഴ്സ് ഇനത്തിൽ 138400 രൂപയാണ് വരവ്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ 236 സ്ഥാപനങ്ങളും, ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 298 സ്ഥാപനങ്ങളുമുണ്ട്. ഗ്രാമപഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്. മാത്രമല്ല, ലൈസൻസ് പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളിലും ഒരു തൊഴിലാളിയെങ്കിലും ഉണ്ടായിരിക്കുമെങ്കിലും ഇത്തരം എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിലാളികളുടെ തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടും അല്ലെങ്കിൽ കൈവശക്കാരനോട്ടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

**ലൈസൻസ് ഫീസ്.**

2022-23 സാമ്പത്തിക വർഷത്തിൽ 268 സ്ഥാപനങ്ങളിൽ നിന്നായി 128200/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ തന്നെ പൂർണ്ണമായും ഉൾപ്പെട്ടിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമാക്കേണ്ടതും ലൈസൻസ് എടുക്കേണ്ടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ലൈസൻസ് ഫീസ് ഇനത്തിൽ പൂർണ്ണമായ വരവ് ലഭ്യമാകുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 26/2022-23/17.10.2023 ന് ലഭ്യമാക്കിയ മറുപടി പ്രകാരം തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് തീരുമാനമെടുത്ത് നടപടികൾ സ്വീകരിക്കുന്നതും തൊഴിൽ നികുതി സംബന്ധിച്ച സംബൂർണ്ണ ഡാറ്റാബേസ് , പരിപൂർണ്ണ ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ തയ്യാറാക്കി സമർപ്പിക്കുന്നതുമാണ് എന്ന് അറിയിച്ചു.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

അതാതു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് തുടർനടപടി ഫയലിൽ/പുനരഭിപ്രായക്കുറിപ്പ് പരിശോധിച്ചതിൽ 12, 13

പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയുടെ ഡെപ്പോസിറ്റ് തുകയുടെ പ്രവൃത്തി പൂർത്തീകരണപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായതായി കാണുന്നില്ല.

| ക്രമ നം. | പ്രൊജക്ട് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ/ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | 159/14 പൂളക്കൊടിയിമ്മൽ കുടിവെള്ള പദ്ധതി (വികസന ഫണ്ട് - എസ്.സി.പി) | 2014-15 | KWA | 10,00,000 | വിവരം ലഭ്യമല്ല. | വിവരം ലഭ്യമല്ല. |
| 2 | പൂളക്കൊടിയിമ്മൽ കുടിവെള്ള പദ്ധതി | 2014-15 | KWA | 10,45,000 | വിവരം ലഭ്യമല്ല. | വിവരം ലഭ്യമല്ല. |
| 3 | 289/22 കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 2014-15 | KWA | 17,00,000 | 0 | 17,00,000 |
| 4 | 260/22 - ഊർങ്ങാട്ടിരി മൃഗാശുപത്രിക്ക് കുഴൽ കിണർ | 2015-16 | GWD | 47426 | വിവരം ലഭ്യമല്ല. | വിവരം ലഭ്യമല്ല. |
| 5 | 360/22 - വൈദ്യുതീകരണത്തിന് കെ.എസ്.ഇ.ബി ക്ക് പണം അടവാക്കൽ. | 2015-16 | KSEB | 92502 | 30561 | 61941 |

മേൽ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ പത്രം എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 09 /12.10.2023 - മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-13 ഊർങ്ങാട്ടിരി ഫെസ്റ്റ് - പി.പി.ആർ ലൈസൻസ് അനുവദിക്കാതെ ഗ്രാമപഞ്ചായത്തിന്റെ ഗ്രൗണ്ട് വിട്ടു നൽകി - ഗ്രൗണ്ട് ഫീസിനത്തിലും ഗ്രാമപഞ്ചായത്തിന് നഷ്ടം.

കേരളത്തിൽ പൊതു സങ്കേതങ്ങളിൽ നടക്കുന്ന വിനോദ പരിപാടികളുടെ നടത്തിപ്പുകൾക്കുള്ള പരിശോധനകളും ലൈസൻസ് അനുവദിക്കലും 1963 ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് (പി.പി.ആർ) ആക്ട്, 1965 ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് (പി.പി.ആർ) റൂൾസും അനുസൃതമായിട്ടാണ്. കേരള ഹൈക്കോടതിയുടെ 28.02.2019 തീയതിയിലെ WP(C) No.5673/2017 മേലുള്ള വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ 20.08.2020 ലെ G.O.(Rt) No.1559/2020/LSGD പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

**"ഊർങ്ങാട്ടിരി ഫെസ്റ്റ്"** എന്ന പേരിൽ 01.12.2022 മുതൽ 30 ദിവസത്തേക്ക് വിനോദ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തെരട്ടമ്മൽ ഗ്രൗണ്ട് അനുവദിക്കണമെന്ന് 27.09.2022 തീയതിയിൽ J.J.Amusements, Exhibition, Carnival & Fun Fairs Etc, Chottukunnil Puthenveedu, Nanthirikkal, Vellimon.P.O, Kundara, Kollam എന്ന സ്ഥാപനം ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകി. പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിന് 10 ദിവസം മുമ്പ് തന്നെ ഗ്രൗണ്ട് വിട്ടുനൽകണമെന്നും അപേക്ഷിച്ചിരുന്നു. ഈ അപേക്ഷ പരിഗണിച്ച ഭരണസമിതി യോഗം, 30.09.2022 ലെ 14/1 നമ്പർ തീരുമാന പ്രകാരം ഗ്രൗണ്ട് വാടകയായി ഒരു ദിവസത്തേക്ക് 500/- രൂപ എന്ന നിരക്കിൽ ഈടാക്കി ഗ്രൗണ്ട് അനുവദിക്കുന്നതിന് തീരുമാനിച്ചു. ഇത് പ്രകാരം സ്ഥാപനം 15.12.2022 ലെ 1220102535/G100501 നമ്പർ രശീതി പ്രകാരം ഗ്രൗണ്ടിന്റെ വാടകയായി 10,000/- രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. പിന്നീട് സ്ഥാപനം നടത്തിപ്പിനാവശ്യമായ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നാവശ്യപ്പെട്ട് 13.12.2022 ന് അപേക്ഷ സമർപ്പിക്കുകയും ആയതിന് സെക്രട്ടറി 16.12.2022 ലെ 400862/EDPS14/GPO/2022/7138/(1) നമ്പർ കത്ത് പ്രകാരം സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റിന് പി.ഡബ്ല്യൂ.ഡി യുമായി ബന്ധപ്പെടേണ്ടതാണെന്നും താഴെ പറയുന്ന രേഖകൾ ഹാജരാക്കി ഗ്രാമപഞ്ചായത്തിന്റെ മുൻകൂർ അനുമതി തേടേണ്ടതാണെന്നും അറിയിച്ചു.

1). ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നുള്ള അനുമതി പത്രം.

2). കേരള പി.ഡബ്ല്യൂ.ഡി (മെക്കാനിക്കൽ ഡിവിഷൻ) യിൽ നിന്നുള്ള സാക്ഷ്യപത്രം.

3). കേരള അഗ്നിരക്ഷാ സേവന വകുപ്പിൽ നിന്നുള്ള അനുമതി പത്രം.

4). എം.ടെക് വിദ്യാഭ്യാസ യോഗ്യതയുള്ള ആർക്കിടെക്റ്റ്/സ്ട്രക്ചറൽ എഞ്ചിനീയറിൽ നിന്നുള്ള സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ്.

5). അമ്യൂസ്മെന്റ് റൈഡിൽ പ്രവേശിക്കുന്ന പൊതുജനത്തിന്റെ സുരക്ഷക്കായി ലയബിലിറ്റി ഇൻഷ്വറൻസ് പോളിസി.

6). അമ്യൂസ്മെന്റ് റൈഡ് പ്രവർത്തിപ്പിക്കുന്ന ജീവനക്കാരുടെ/ തൊഴിലാളികളുടെ സുരക്ഷക്കായുള്ള ഇൻഷ്വറൻസ് പരിരക്ഷയുടെ രേഖകൾ.

7). തൊഴിൽ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം.

8). പായ്ക്ക് ചെയ്ത ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ ഒഴികെയുള്ള ഭക്ഷണ പാനീയങ്ങൾ വിനോദ പരിപാടി നടക്കുന്നിടത്ത് വിൽക്കുന്നുവെങ്കിൽ / വിതരണം ചെയ്യുന്നുവെങ്കിൽ അതിന് ഫുഡ് സേഫ്റ്റി സർട്ടിഫിക്കറ്റ്.

9). സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്നതിനുള്ള മതിയായ രേഖ. (ഗ്രൗണ്ട് അനുവദിച്ചത് ഗ്രാമപഞ്ചായത്താണെന്നിരിക്കെ സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ സ്ഥാപനം ഹാജരാക്കുന്നതെങ്ങനെയെന്ന് വ്യക്തമല്ല.)

എന്നാൽ ഈ രേഖകളൊന്നും സ്ഥാപനം ഹാജരാക്കുകയോ ലൈസൻസിന് അപേക്ഷിക്കുകയോ ചെയ്തിട്ടില്ല. പിന്നീട് ഗ്രാമപഞ്ചായത്ത് 28.12.2022 ന് 400862/EDPS14/GPO/2022/7138/(2) നമ്പർ കത്ത് പ്രകാരം അനുവാദമില്ലാതെ പ്രവർത്തിച്ചു വരുന്ന കാർണിവൽ നിർത്തി വെക്കുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ കാർണിവൽ പിന്നീടും തുടർന്നു പോന്നതിനാൽ ആയത് നിർത്തി വെക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് അരീക്കോട് പോലീസ് സബ് ഇൻസ്പെക്ടർക്ക് 05.01.2023 ന് കത്ത് നൽകിയിട്ടുണ്ട്. പിന്നീടുള്ള വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല.

കാർണിവലിന് വേണ്ടി ഗ്രൗണ്ട് വിട്ട് നൽകിയതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). 1963 ലെ പി.പി.ആർ ആക്ട് പ്രകാരമുള്ള ലൈസൻസിന് സ്ഥാപനം അപേക്ഷിച്ചതായോ ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചതായോ കാണുന്നില്ല. ലൈസൻസിന് അപേക്ഷിക്കുന്നതിന് മുമ്പ് ഗ്രൗണ്ട് വിട്ട് നൽകിയതിന്റെ കാരണം വ്യക്തമല്ല.

2). ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാതെയും മതിയായ സുരക്ഷാ നടപടികൾ സ്വീകരിക്കാതെയും ഗ്രാമപഞ്ചായത്തിൽ നിന്നുള്ള പി.പി.ആർ ലൈസൻസിന് അപേക്ഷിക്കാതെയും ആരംഭിച്ച ഈ കാർണിവൽ നിർത്തി വയ്ക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിച്ചില്ല.

3). അപേക്ഷകൻ 40 ദിവസത്തേക്കാണ് (10 ദിവസം നിർമ്മാണ പ്രവൃത്തനങ്ങൾക്ക് + പ്രദർശനത്തിന് 30 ദിവസം) ഗ്രൗണ്ട് അനുവദിക്കുന്നതിന് അപേക്ഷിച്ചിട്ടുള്ളതെങ്കിലും 20 ദിവസത്തെ വാടകയായ 10,000/- രൂപ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. 01.12.2022 മുതൽ 30 ദിവസത്തേക്കാണ് പ്രദർശനം എന്ന് അപേക്ഷയിൽ പറഞ്ഞിട്ടുണ്ടെങ്കിലും 2023 ജനുവരി മാസത്തിലും പ്രദർശനം നടന്നിട്ടുണ്ട് എന്ന് ഫയലിൽ നിന്ന് തന്നെ വ്യക്തമാണ്. അപേക്ഷ പ്രകാരമുള്ള ദിവസങ്ങൾ മാത്രം കണക്കാക്കിയാൽ തന്നെ ഗ്രൗണ്ട് ഫീസിനത്തിൽ 10,000/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

4). തദ്ദേശ സ്വയംഭരണ സ്ഥാപനം വക സ്ഥലത്ത് അമ്യൂസ്മെന്റ് പാർക്ക് നടത്തുന്നതിന് അനുമതി ലഭിച്ച അപേക്ഷകൻ സ്വീകരിക്കേണ്ട നടപടികളിൽ വീഴ്ച വരുത്തിയാൽ 1963 ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് ആക്ട് സെക്ഷൻ 16 പ്രകാരമുള്ള തുക പിഴയായി തദ്ദേശ സ്വയം ഭരണ സ്ഥാപനം ഈടാക്കേണ്ടതായിരുന്നു. ആയത് ഈടാക്കിയിട്ടില്ല.

5). തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു നിശ്ചിത തുക പെർഫോമൻസ് സെക്യൂരിറ്റിയായി അപേക്ഷകനിൽ നിന്നും മുൻകൂറായി ഈടാക്കേണ്ടതായിരുന്നുവെങ്കിലും ആയത് ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(എൻക്വയറി നമ്പർ.20/17.10.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-14 നികുതി ഒഴിവാക്കപ്പെട്ട കെട്ടിടത്തിൽ എം.സി.എഫ് പ്രവർത്തിക്കുന്നതും വാടക അനുവദിക്കുന്നതും

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേന ശേഖരിക്കുന്ന ഖര മാലിന്യങ്ങൾ സംഭരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത, മുനീറുൽ ഇസ്ലാം സംഘം പ്രസിഡണ്ടിന്റെ ഉടമസ്ഥതയിലുള്ള166.65 ച.മീ വിസ്തീർണ്ണമുള്ള 4/251 നമ്പർ കെട്ടിടത്തിന് അസി. എഞ്ചിനിയർ പ്രതിമാസം 5000/- രൂപ വാടക നിശ്ചയിച്ച് സർട്ടിഫിക്കറ്റ് നൽകുകയും, ടി കെട്ടിടം 2021 സെപ്റ്റംബർ മാസം മുതൽ ഗ്രാമപഞ്ചായത്ത് വാടകക്ക് എടുത്തിട്ടുള്ളതിനാൽ ടി കാലയളവിലെ വാടക അംഗീകരിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപന ഉടമയുമായി പ്രതിമാസം 5000 രൂപ നിരക്കിൽ എഗ്രിമെന്റ് വെക്കുന്നതിനും വാടക തുക നൽകുന്നതിനും ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറിക്ക് അനുമതി നൽകിക്കൊണ്ട് 14.03.2022ലെ 1(6) നമ്പർ പ്രകാരം ഭരണ സമിതി തീരുമാനം എടുത്തിട്ടുണ്ട്.

ടി കെട്ടിടം സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വേറിൽ പരിശോധിച്ചതിൽ കെട്ടിടം , നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട മദ്രസ തരം കെട്ടിടമാണെന്ന് വ്യക്തമായിട്ടുണ്ട്. നികുതി നിർണ്ണയിച്ചിട്ടില്ലാത്ത മദ്രസ കെട്ടിടം KPBR ചട്ടപ്രകാരം തരം മാറ്റം വരുത്താതെ, വാടക അനുവദിച്ച് എം.സി. എഫ് പ്രവർത്തനത്തിന് ഏറ്റെടുത്ത് നൽകിയതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്. ഇക്കാര്യം പരിശോധിക്കാതെയാണ് കെട്ടിടത്തിന് അസി. എഞ്ചിനിയർ പ്രതിമാസം

5000/- രൂപ വാടക നിശ്ചയിച്ച് സർട്ടിഫിക്കറ്റ് നൽകിയതും.

ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി തരം മാറ്റം വരുത്തി കെട്ടിടത്തിന് ബാധകമായ വസ്തു നികുതി നിർണ്ണയിച്ച് എം.സി. എഫ് പ്രവർത്തനത്തിന് ഏറ്റെടുത്ത 2021 സെപ്റ്റംബർ മാസം മുതലുള്ള വസ്തു നികുതി ഈടാക്കേണ്ടതായിരുന്നു. അപ്രകാരം ചെയ്യാതെയാണ് എം.സി. എഫ് പ്രവർത്തനത്തിന് വാടക അനുവദിച്ച് തീരുമാനമെടുത്തത്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കെട്ടിടങ്ങളും, മത പഠന ശാലകൾ നടത്തുന്നതിനും തുടങ്ങിയവക്കാണ് ചട്ടപ്രകാരം വസ്തു നികുതി ഇളവ് അനുവദിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ ആവശ്യം എന്ന നിലക്ക് മദ്രസ കെട്ടിടം വാടകക്ക് എടുത്തതിനാലാണ് കെട്ടിടം തരം മാറ്റി വസ്തു നികുതി ഈടാക്കാതിരുന്നത് എന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 22/2022-23/17.10.2023 ന് ലഭ്യമാക്കിയ മറുപടിമറുപടി അംഗീകരിക്കാവുന്നതല്ല. മേൽ കെട്ടിടം തരം മാറ്റം വരുത്തി മേൽ MCF ആവശ്യത്തിന് വാടക അനുവദിച്ച് ഉപയോഗിച്ചത് മുതലുള്ള വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വാർത്താവിനിമയ ഗോപുരങ്ങളുടെ നമ്പറിംഗ് - പെർമിറ്റ് കാലാവധി പരിഗണിച്ചില്ല.

2022-23ൽ നമ്പർ അനുവദിച്ച് നികുതി നിർണ്ണയിച്ച വാർത്താ വിനിമയ ഗോപുരങ്ങളുടെ ഫയലുകൾ പരിശോധിച്ചതിൽ , ടി മൊബൈൽ ടവറുകളുടെ നിർമ്മാണ പെർമ്മിറ്റ് കാലാവധി കഴിഞ്ഞ് വർഷങ്ങളായിട്ടും ആയത് പരിഗണിക്കാതെ, വസ്തു നികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ് നം/തിയതി, പെർമിറ്റ് നേടിയ സ്ഥാപനം/വ്യക്തി | അനുവദിച്ച കെട്ടിട നമ്പർ, നിർണ്ണയിച്ച/ഈടാക്കിയ നികുതി, അപേക്ഷ | കുറിപ്പുകൾ/അപാകതകൾ |
|---|---|---|---|
| 1 | A2-BA(292866)/2019<br>Dtd. 19.10.2019<br>Validity-18.10.2020<br>റിലയൻസ് ജിയോ ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡ്. | 4/413 A, 21.2 ച.മീ.,<br>കെട്ടിട നികുതി-9729.<br>LC – 487.<br>രസീത് നം. 1220105477/30.03.23<br>ഇൻവാർഡ് നമ്പർ A2-1049/22 /01.06.22 | പെർമിറ്റ് കാലാവധി അവസാനിച്ച ശേഷമാണ് പൂർത്തീകരണം അറിയിച്ചത്. പെർമിറ്റ് കാലാവധി അവസാനിക്കുന്നതിന് മുൻപ് ആയത് പുതുക്കിയിട്ടില്ല.<br>പെർമിറ്റ് യഥാസമയം പുതുക്കാതെ കാലാവധി അവസാനിച്ച സംഗതികളിൽ, പെർമിറ്റ് ഇല്ലാ എന്ന രീതിയിൽ കണക്കാക്കി പെർമിറ്റ്/ക്രമവൽക്കരണ ഫീസ് ഈടാക്കിയായിരുന്നു തുടർ നടപടി കൾ സ്വീകരിക്കേണ്ടിയിരുന്നത്. |
| 2 | A5-BA(297104)/2018<br>Dtd. 26.12.2018<br>Validity-23.12.2019<br>റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്. | 9/474 A, 21.62 ച.മീ.,<br>കെട്ടിട നികുതി-10216.<br>LC – 511.<br>രസീത് നം. 1230100343/22.05.23<br>ഇൻവാർഡ് നമ്പർ A2-1471/22 /21.06.22 | |
| 3 | A5-BA(289425)/2018<br>Dtd. 15.12.2018<br>Validity-13.12.2019<br>റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്. | 20/400 B, 21.62 ച.മീ.,<br>കെട്ടിട നികുതി-10216.<br>LC – 511.<br>രസീത് നം. 1230100342/22.05.23<br>ഇൻവാർഡ് നമ്പർ A2-1472/22 /21.06.22 | |
| 4 | A5-BA(297097)/2018<br>Dtd. 26.12.2018<br>Validity-23.12.2019<br>റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്. | 5/61 A, 21.62 ച.മീ.,<br>കെട്ടിട നികുതി-10216.<br>LC – 511.<br>രസീത് നം. 1230100341/22.05.23<br>ഇൻവാർഡ് നമ്പർ A2-1474/22 /21.06.22 | |

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 23/2022-23/17.10.2023ന് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടി പ്രകാരം, GO(P)No.10/2023/LSGD SRO No.101/23 തിയതി. 17.01.23 പ്രകാരം ടെലികമ്മ്യൂണിക്കേഷൻ ടവറുകൾക്ക് പെർമിറ്റ് ആവശ്യമില്ല എന്ന ഭേദഗതി വന്നതിനാലും ഒരു തവണ പെർമിറ്റ് അനുവദിച്ചതിനാലും മറ്റുമാണ് ക്രമവൽക്കരണ ഫീസ് ഈടാക്കാതെ നമ്പർ അനുദിച്ചത് എന്നാണ് വ്യക്തമാക്കിയത്.
ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ നിർമ്മാണം സംബന്ധിച്ച് പെർമിറ്റിന്റെ ആവശ്യകതയും ഫീസ്, മറ്റ് നിർമ്മാണ നിബന്ധനകളും അപേക്ഷിക്കേണ്ട ഫോം/രീതിയുമാണ് മറുപടിയിൽ പരാമർശിച്ച സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്. പെർമിറ്റ് ആവശ്യമില്ല എന്ന് പരാമർശിച്ചിട്ടില്ല. മാത്രമല്ല, മേൽ ടവറുകൾക്ക് പെർമിറ്റ് അനുവദിച്ചതും ആയവ പൂർത്തീകരണം അറിയിച്ചതും മേൽ സർക്കാർ ഉത്തരവ് ഇറങ്ങുന്നതിന്റെ മുൻപാണ് എന്നതിനാൽ ടി ഉത്തരവ് മേൽ ടവറുകൾക്ക് ബാധകമാക്കി തുടർനടപടി സ്വീകരിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്. പെർമിറ്റിന്റെ സാധുതാ കാലയളവിനുള്ളിൽ തന്നെ പുതുക്കുന്നതിനുള്ള അപേക്ഷ ലഭിച്ചാൽ പെർമിറ്റ് ഫീസിന്റെ 50% ഫീസ് ഈടാക്കി കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ് എന്നാണ് ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ പെർമിറ്റ് സംബന്ധിച്ച KPBR ചട്ടം വ്യക്തമാക്കിയത്. തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-16 റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് മാവേലി സ്റ്റോറുകൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തതായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കാണുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തതായി ലൈസൻസ്/തൊഴിൽ നികുതി രജിസ്റ്ററിൽ ഇല്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന്റെ മുൻപിൽ തന്നെ ഒരു റേഷൻ കട പ്രവർത്തിക്കുന്നുണ്ട്. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 24/2022-23/17.**10.2023**ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരങ്ങളും, തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയ വിവരവും ലഭ്യമാക്കേണ്ടതുമാണ്.

## 1-17 പെട്രോൾ പമ്പ്-തൊഴിൽ നികുതി ഈടാക്കാത്തതും ലൈസൻസ് ഫീസ് കുറവായി ഈടാക്കുന്നതും സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ 55A നമ്പർ കെട്ടിടത്തിൽ ശ്രീമതി രഞ്ജിനി കെ.എം. എന്നവർക്ക് എസ്.വി പെട്രോളിയം എന്ന പേരിൽ പെട്രോൾ പമ്പ് നടത്തുന്നതിന് 10.06.2022ലെ 207/2022-2023/84/956/22 നമ്പർ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷ പ്രകാരം ടി സ്ഥാപനത്തിൽ 5 ജോലിക്കാരുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2. 1000 രൂപയാണ് പെർമിറ്റ് ഫീസ് ഇനത്തിൽ 10.06.22ലെ 12220100502 നമ്പർ രസീത് പ്രകാരം ഈടാക്കിയത്. ലൈസൻസ് ചട്ടങ്ങളിലെ പട്ടിക II പ്രകാരം സേവന മേഖലയിൽ 10 മുതൽ 25 ലക്ഷം വരെയുള്ള മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്കാണ് 1000 രൂപ ലൈസൻസ് ഫീസ് ഈടാക്കാറുള്ളത്. 25 ലക്ഷം രൂപക്ക് മുകളിൽ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 5000 രൂപ വരെ ഫീസ് ഈടാക്കേണ്ടതാണ്. അപേക്ഷയിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും ഫയലിൽ ലഭ്യമായ PCB സർട്ടിഫിക്കറ്റിന്റെ കൂടെ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം ലഭ്യമല്ലാത്തതിനാലും കൃത്യമായ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലുള്ള ലൈസൻസ് ഫീസാണോ ഈടാക്കിയത് എന്ന് ഉറപ്പ് വരുത്താനായിട്ടില്ല. സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം ഉറപ്പ് വരുത്തുന്നതിനും

ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതിനും മൂലധന നിക്ഷേപം എത്രയാണ് എന്നത് സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 27/2022-23/17.10.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തൊഴിൽ നികുതിയും കൃത്യമായ ലൈസൻസ് ഫീസും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-18 നികുതി അടവാക്കാതെ വാർത്താ വിനിമയ ഗോപുരം പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2022-23 ഓഡിറ്റിന്റെ ഭാഗമായി, വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്/നമ്പറിംഗ് ഫയലുകൾ പരിശോധനക്ക് വിധേയമാക്കിയതിൽ, പെർമിറ്റ് നം. A2-BA(156367)2021/26.07.21 പ്രകാരം സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ടെലഫോൺ ടവർ നിർമ്മാണ അനുമതി നൽകിയത് പ്രകാരമുള്ള നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗിനായി അപേക്ഷ ഇൻവാർഡ് നം. A2-1473/22/21.06.22 പ്രകാരം സമർപ്പിച്ചതിൽ, ടി ടവറിന് ചുറ്റുമതില്/വേലി സ്ഥാപിച്ച് വിവരം അറിയിക്കുന്നതിന് കെട്ടിട ഉടമയെ അറിയിച്ച് ഗ്രാമപഞ്ചായത്ത് ടവർ ഉടമക്ക് 05.04.23ന് കത്ത് നൽകിയിട്ടുണ്ട്. ടി ടവർ സ്ഥിതി ചെയ്യുന്ന സ്ഥലം 18.10.2023ന് , ഗ്രാമപഞ്ചായത്തിലെ ക്ലർക്കിന്റെ സാന്നിധ്യത്തിൽ ഓഡിറ്റ് നേരിട്ട് പരിശോധന നടത്തി. പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)ഈ വാർത്താ വിനിമയ ഗോപുരം നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്.

2)ടവറിന്റെ വൈദ്യുതി മീറ്റർ, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ പ്രവർത്തിച്ച കൊണ്ടിരിക്കുകയാണ്.

3) ചുറ്റുമതിൽ സ്ഥാപിച്ചിട്ടില്ല.

നമ്പർ ലഭിക്കാതെ/വസ്തു നികുതി അടവാക്കാതെയാണ് മേൽ ടവർ പ്രവർത്തിച്ച് വരുന്നത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 41/2022-23/18.10.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി ടവറിന്റെ പ്രവർത്തനം നിർത്തിവെക്കുന്നതിന് നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും അപാകത പരിഹരിച്ച് നമ്പർ അനുവദിക്കുന്ന മുറക്ക് ടി ടവർ എന്ന് മുതലാണോ പ്രവർത്തിച്ച് തുടങ്ങിയത് അന്ന് മുതലുള്ള വസ്തു നികുതി ഈടാക്കേണ്ടതുമുണ്ട്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പ്രകാരം അസിസ്റ്റന്റ് എഞ്ചിനിയർ ഫിറ്റ്നസ് നൽകിയ സ്കൂൾ ക്ലാസ്സ്മുറികളുടെ വിസ്തൃതിയും പഞ്ചായത്തിൽ നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിസ്തൃതിയും പരിശോധിച്ചതിൽ വിവിധ സ്കൂളുകളിൽ അനധികൃത കെട്ടിട നിർമ്മാണം നടന്നിട്ടുണ്ട് എന്ന് വ്യക്തമാകുന്നു.

വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ ക്ലാസ്സ് മുറികളുടെ വിസ്തീർണ്ണം |
|---|---|---|
| സുബുലുസ്സലാം ഹൈസ്കൂൾ മൂർക്കനാട് | 13/ 460 – 77.5 Sqm (GF)<br>13/ 461 – 75.64 Sqm (GF)<br>**13/ 462 – 200 , 395 Sqm (GF&FF)**<br>**13/ 463 – 37 Sqm (GF)** | 1726 ച.മീ |
| സുബുലുസ്സലാം ഹയർ സെക്കണ്ടറി സ്കൂൾ മൂർക്കനാട് | **13/ 464 – 58.56 Sqm (GF)**<br>**13/ 465 – 160, 164 Sqm (GF&FF)**<br>**13/ 466 – 201 Sqm (GF)**<br>**13/ 467 – 140 Sqm (GF**<br>**13/ 468 – 243 Sqm (GF)**<br>**TOTAL – 1752 Sqm** | **2255 ച.മീ**<br>**ആകെ – 3981 $M^2$ ( HS & HSS )** |
| ഹോളി ക്രോസ്സ് കോൺവെന്റ് സ്കൂൾ വെറ്റിലപ്പാറ | 3/ 573 – 770 $M^2$ (‘GF)<br>770 $M^2$ (‘FF)<br>770 $M^2$ (‘SF) | ഫിറ്റ്നസ് നൽകിയത് പ്രകാരം മൂന്ന് നിലകൾ വീതമുള്ള ( GF,FF,SF) രണ്ട് കെട്ടിടങ്ങൾ സ്കൂളിൽ ഉണ്ട്. എന്നാൽ ഒരു കെട്ടിടത്തിന് മാത്രമെ പഞ്ചായത്ത് നമ്പർ നൽകിയിട്ടുള്ളൂ. |

| | | |
|---|---|---|
| AMUPS തെരട്ടമ്മൽ | 15/33 – 95 $M^2$ (GF)<br>15/34 – 80 $M^2$ (GF)<br>15/35 – 78 $M^2$ (GF)<br>15/36 – 81 $M^2$ (GF)<br>15/37 – 200 $M^2$ (GF)<br>15/38 – 146 $M^2$ (GF)<br>15/39 – 128 $M^2$ (GF)<br>**808 $M^2$** | **1416.42** |
| ALPS ഊർങ്ങാട്ടിരി | 6/146 – 100 $M^2$ ( GF)<br>6/147 – 100 $M^2$ ( GF)<br>6/148 – 100 $M^2$ ( GF)<br>6/149 – 100 $M^2$ ( GF)<br>6/149 B – 137 $M^2$ ( GF)<br>537 $M^2$ | **608.4** |

[കുറിപ്പ് ** ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് നൽകുന്ന അപേക്ഷയിൽ ക്ലാസ്സ് മുറികളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ യഥാർത്ഥത്തിലുള്ള കെട്ടിട വിസ്തീർണ്ണം മുകളിലെ പട്ടികയിൽ പരാമർശിച്ചതിലും വളരെയധികം വർധിക്കും. ]

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്.

അനധികൃത നിർമ്മാണങ്ങൾക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.17/16-10-2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്കൂളുകളിലെ അനധികൃത നിർമ്മാണങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിച്ച് നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 കുടിവെള്ള പദ്ധതികളുടെ കുടിശ്ശിക – പഞ്ചായത്ത് തീരുമാനം നടപ്പിലാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 18.03.2023 ലെ 21(1) നമ്പർ തീരുമാനം താഴെ പറയും പ്രകാരമാണ്.

"ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തനം നിലച്ചതും കാലാകാലങ്ങളായി വൈദ്യുതി ബിൽ അടവാക്കാതെ (ഗുണഭോക്തൃ കമ്മറ്റി) കിടക്കുന്നതുമായ താഴെ പറയുന്ന കുടിവെള്ള പദ്ധതികളുടെ റവന്യൂ റിക്കവറി ആയിട്ടുള്ള വിവരം ഭരണ സമിതി യോഗം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികയായ താഴെ പറയുന്ന കൺസ്യൂമർ നമ്പറിൽ പെട്ട കുടിവെള്ള പദ്ധതികളുടെ ബിൽതുക അടവാക്കുന്നതിന് ഭരണ സമിതി യോഗം തീരുമാനിച്ചു. പ്രസ്തുത കുടിവെള്ള പദ്ധതികൾ പരിശോധിച്ച് ആവശ്യമില്ലാത്തവയുടെ കണക്ഷൻ ഒഴിവാക്കുന്നതിനും ഉപയോഗിക്കുന്നത് ഗുണഭോക്തൃ കമ്മറ്റിയെ ഏൽപ്പിക്കുന്നതിനും തീരുമാനിച്ചു. ആയതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി."

1167073020451 പന്നിയാൻമല എസ് ടി കോളനി 3320/- രൂപ.

1167078018921 പനംപിലാവ് ശിശുമന്ദിരം 2498/- രൂപ.

1167076018772 തെഞ്ചീരി പമ്പ് ഹൗസ് 4744/- രൂപ.

1167071020452 ആലാപ്പാറ കുടിവെള്ള പദ്ധതി 3088/- രൂപ.

1167072012298 തച്ചണ്ണ കുടിവെള്ള പദ്ധതി 713/- രൂപ.

ഈ തിരുമാനം നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.39/18.10.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-21 ജൈവവളത്തിന് കമ്പോസ്റ്റ് വളത്തിന്റെ വില നൽകി.

| പ്രൊജക്ട് നം. | പേര് | ആകെ ചെലവ് | BR No. & Amount | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 138/23 | തെങ്ങിന് ജൈവവള വിതരണം | 14,58,000 (10,93,500 DF-G + 3,64,500 BC) | 22150952023100997321/3-1-23 Rs. 10,93,500 | അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെൻറർ കിഴിശ്ശേരിയുടെ Invoice No. 261/19-12-22 പ്രകാരം<br>61,236 KG ട്രൈക്കോഡർമ സമ്പുഷ്ടീകരിച്ച ജൈവ വളം @ 25 = 15,30,900 വാങ്ങി |

അപാകതകൾ

1) പ്രൊജക്ട് പ്രകാരം ട്രൈക്കോഡർമ സമ്പുഷ്ടീകരിച്ച ജൈവവളം വാങ്ങിയത് ജില്ലാ വികസന കമ്മീഷണർ നം.1212/2021-22 /ഡി.പി.സി./ഡി.പി.ഒ/എം.പി.എം പ്രകാരം ജില്ലാ തലത്തിൽ നിശ്ചയിച്ച യൂനിറ്റ് കോസ്റ്റായ (ക്രമ നം. 6) @16/Kg ക്ക പകരം @25/Kg നിരക്കിലാണ്. പ്രസ്തുത നിരക്ക്, ക്രമ നം. 11 പ്രകാരം ട്രൈക്കോഡർമ സമ്പുഷ്ടീകരിച്ച കമ്പോസ്റ്റ് വളത്തിനുള്ളതാണ്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഇൻവോയ്സിന്റെ ഫോട്ടോകോപ്പിയുടെ മറുപുറത്ത് "ജൈവവളം" എന്ന് തന്നെ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.

ആയതിനാൽ, അധികം നൽകിയ തുക 358668/-രൂപ തിരിച്ചീടാക്കി വികസന ഫണ്ടിൽ ഒടുക്കേണ്ടതാണ്.

2) ഇൻവോയ്സ് പ്രകാരമുള്ള ആകെ തുകയായ 15,30,900 രൂപയിൽ വികസന ഫണ്ടിൽ നിന്നും നൽകിയ 10,93,500 രൂപയുടെ ബാക്കി തുകയായ 4,37,400 രൂപ നൽകിയതിന്റെ വിവരമോ, ഗുണഭോക്തൃ വിഹിതം പിരിച്ച വിവരമോ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31/17-10-2023ന് ലഭിച്ച മറുപടിയിൽ, ട്രൈക്കോഡർമ സമ്പുഷ്ടീകരിച്ച ജൈവവളം എന്ന് ബില്ലിൽ തെറ്റായി ചേർത്തത് ക്ലറിക്കൽ തകരാറാണെന്നാണ് അറിയിച്ചത്. എന്നാൽ കൃഷി ഓഫീസർ തന്റെ വൈദഗ്ധ്യ മേഖലയിലെ സാങ്കേതിക കാര്യം ശ്രദ്ധിച്ചില്ല എന്നതും തെറ്റായ വിവരം സാക്ഷ്യപ്പെടുത്തി എന്നതും ഗുരുതരമായ അപാകതയായതിനാൽ ഇക്കാര്യത്തിൽ കൃഷി വകുപ്പ് മേധാവികളിൽ നിന്നോ സർക്കാരിൽ നിന്നോ സാധൂകരണം ലഭ്യമാക്കുകയോ, അധിക തുക തിരിച്ചീടാക്കി വികസന ഫണ്ടിൽ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## 1-22 അനുവാദമില്ലാത്ത സ്ഥാപനങ്ങളിൽ നിന്ന് നടീൽ വസ്തുക്കൾ നേരിട്ട് വാങ്ങി.

| ക്രമ നം. | പ്രൊജക്ട് നം. | പേര് | ആകെ ചെലവ് | BR No. & Amount | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|---|---|
| 1 | 141/23 | ഫലവൃക്ഷ തൈ വിതരണം | 2,00,000 (1,50,000 DF-G+ 50,000 BC) | 22150952023101195640/13-2-23 Rs. 1,50,000 | അഗ്രോ സർവീസ് സെന്റർ കൊടിയത്തൂരിന്റെ ബിൽ നം. 458/3-2-23 പ്രകാരം താഴെ പറയുന്നവ വാങ്ങി<br>റമ്പൂട്ടാൻ 400 Nos @ 300 = 1,20,000<br>മാങ്കോസ്റ്റീൻ 400 Nos @ 200 = 80,000<br>TOTAL 2,00,000 |
| 2 | 280/23 | മൺചട്ടിയിൽ പച്ചക്കറി കൃഷി | 4,16,000 (3,12,000 DF-G + 1,04,000 BC) | 1)22150952023101137929 / 15-3-23 Rs. 1,56,000 | അഗ്രോ സർവീസ് സെന്റർ കൊടിയത്തൂരിന്റെ ബിൽ നം. 477/23-2-23 Rs. 2,08,000 പ്രകാരം Mudpot+ Manure Kit+ Veg. Seedlings 130 Units @ 1600 വാങ്ങി |
| | | | | 2) 22150952023 / | അഗ്രോ സർവീസ് സെന്റർ കൊടിയത്തൂരിന്റെ ബിൽ നം. |

| | | | | | |
|---|---|---|---|---|---|
| | | | | 15-3-23<br>Rs. 1,56,000 | 478/25-2-23 Rs. 2,08,000 പ്രകാരം Mudpot+ Manure Kit+ Veg. Seedlings 130 Units @ 1600 വാങ്ങി |
| 3 | 31/23 (Spill Over Of 368/22) | വീട്ടു മുറ്റത്തൊരു ഇഞ്ചി-മഞ്ഞൾ തോട്ടം- വനിത | 3,44,000 (3,43,096 DF-G + 904 Own Fund) | 1)22150952023100120490/ 13-5-22 Rs. 3,43,096<br>2) 0/13-5-22 Rs. 904 | അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെൻറർ കിഴിശ്ശേരിയുടെ Invoice No. 224/29-3-22 പ്രകാരം ഇഞ്ചി മഞ്ഞൾ കിറ്റ്<br>688 Nos. @ 500 = 3,44,000 വാങ്ങി |
| | | | ആകെ | 8,06,000 | |

അപാകതകൾ

1) ഈ പ്രൊജക്റ്റുകളിലുൾപ്പെടുത്തി അഗ്രോ സർവീസ് സെന്റർ കൊടിയത്തൂർ, അരീക്കോട് ബ്ലോക്ക് അഗ്രോ സർവീസ് സെൻറർ കിഴിശ്ശേരി എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ഇവ സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 4 ലെ 6-ാമത്തെ നിബന്ധനകളിൽ അംഗീകരിച്ച നേരിട്ട് തൈകൾ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളല്ല.2) ക്രമ നമ്പർ 1, 2എന്നിവയിലെ പ്രൊജക്റ്റുകളുടെ ബാക്കി തുകയായ ഗുണഭോക്തൃ വിഹിതം നൽകിയതിന്റെ വിവരമോ, ഗുണഭോക്തൃ വിഹിതം പിരിച്ച വിവരമോ ലഭ്യമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31/17-10-2023ന് ലഭിച്ച മറുപടിയിൽ, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സ.ഉ. (സാധാ) നം. 616/2021 തി. 26/2/21 ഉത്തരവു പ്രകാരം അനുമതിയുള്ളതിനാലാണ് ഈ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയത് എന്നാണ് അറിയിച്ചിട്ടുള്ളത്.
എന്നാൽ പ്രസ്തുത ഉത്തരവിന് ശേഷം ഇറക്കിയ, മുകളിൽ പരാമർശിച്ച പദ്ധതി മാർഗരേഖ പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതിയില്ലാത്തതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല.
സർക്കാർ ഉത്തരവിന് വിരുദ്ധമായി നടത്തിയ വാങ്ങൽ നടപടിക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

അതു വരെ 8,06,000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-23 ലാപ്ടോപ്പ് വിതരണം - പട്ടികജാതി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 66/23 |
| പ്രൊജക്റ്റിന്റെ പേര് | ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്. |
| അടങ്കൽ തുക | 1,75,924/- രൂപ |
| വിനിയോഗിച്ച തുക | 1,75,924/- രൂപ (വികസന ഫണ്ട് - എസ്.എസി.പി) |
| ബിൽ നമ്പർ / തീയതി | 22150952025700563958 തീയതി.22.09.2022 – 1,75,924/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി. |

ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പദ്ധതി പ്രകാരം 2022-223 സാമ്പത്തിക വർഷത്തിൽ കെൽട്രോണിൽ നിന്നും 4 ലാപ്ടോപ്പുകൾ വാങ്ങി താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ. | വിദ്യാർത്ഥികളുടെ പേരും മേൽവിലാസവും. |
|---|---|
| 1 | ഹൃദ്യ.വി.പി, D/o. ബാബു രാജൻ, ഭഗവതിപറമ്പിൽ, പൂവത്തിക്കൽ.പി.ഒ |
| 2 | ജിഷ്ണു.വി.പി, S/o.വിശ്വനാഥൻ, ഭഗവതിപറമ്പിൽ, പൂവത്തിക്കൽ.പി.ഒ |
| 3 | ശ്രീജിൻ.പി, S/o.ശ്രീനിവാസൻ, പൂച്ചക്കണ്ണി ഹൗസ്, കല്ലരട്ടിക്കൽ, ഊർങ്ങാട്ടിരി.പി.ഒ |
| 4 | നിമിഷ.പി.വി, D/o.ഭാസ്കരൻ, പുത്തൻവീട്ടിൽ, പൂളകൊടിയമ്മൽ, ഊർങ്ങാട്ടിരി.പി.ഒ |

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി.14.02.2018) ഖണ്ഡിക 7.2.7 പ്രകാരം, ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടികജാതി വികസന വകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. എന്നാൽ ഈ 4 വിദ്യാർത്ഥികൾക്കും പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-24 മിനി എം.സി.എഫ്, ബോട്ടിൽ ബൂത്ത് എന്നിവയുടെ നിർമ്മാണം - അധിക തുക അനുവദിച്ചു.

| പ്രൊജക്ട് നമ്പർ | 228/23 | 229/23 |
|---|---|---|
| പദ്ധതിയുടെ പേര് | അങ്കണവാടികളിൽ മിനി എം.സി.എഫ് സ്ഥാപിക്കൽ. | അങ്ങാടികളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ. |
| അടങ്കൽ തുക | 5,10,000/- രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്) | 9,60,000/- രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| വിനിയോഗിച്ച തുക | 5,08,200/- രൂപ | 9,49,995/- രൂപ |
| വൗച്ചർ നമ്പർ / തിയ്യതി | 222000730/06.01.2023 | 222000731/06.01.2023 |

2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ടുകൾ പ്രകാരമുള്ള 27 ബോട്ടിൽ ബൂത്തുകൾ 40 മിനി എം.സി.എഫുകൾ, എന്നിവ സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷൻ, മലപ്പുറമാണ് സ്ഥാപിച്ചിട്ടുള്ളത്. SEUF ന്റെ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ജി.എസ്.ടി ഉൾപ്പെടെ ഒരു ബോട്ടിൽ ബൂത്തിന് 35,185/- രൂപയും ഒരു മിനി എം.സി.എഫ് ന് 12,705/- രൂപയുമാണ് വില വന്നിട്ടുള്ളത്. ഇത് പ്രകാരം 27 ബോട്ടിൽ ബൂത്തുകൾക്കായി 9,49,995/- രൂപയും 40 മിനി എം.സി.എഫ് കൾക്കായി 5,08,200/- രൂപയും ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ച ബോട്ടിൽ ബൂത്ത് വിവിധ അംഗൻവാടികളിൽ സ്ഥാപിച്ച മിനി എം.സി.എഫ്, എന്നിവ ഗ്രാമപഞ്ചായത്തിലെ NREGS അസിസ്റ്റന്റ് എഞ്ചിനിയറായ ശ്രീ.ജിതേഷ്.എ എന്നവരുടെ സാന്നിധ്യത്തിൽ 17.10.2023 ന് 11 Am ന് നേരിൽ സന്ദർശിക്കുകയുണ്ടായി. സ്ഥല പരിശോധനയുടെ ഭാഗമായി തെരട്ടമ്മൽ അങ്ങാടി, ഈസ്റ്റ് വടക്കുംമുറി എന്നിവിടങ്ങളിലെ ബോട്ടിൽ ബൂത്ത് എന്നിവയും തെരട്ടമ്മൽ അംഗൻവാടി, സെന്റർ നം 57, 67 എന്നിവയിലെ മിനി എം.സി.എഫ് എന്നിവ നേരിൽ പരിശോധിച്ചു. പരിശോധനയിൽ SEUF ന്റെ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ പ്രകാരമല്ല മിനി എം.സി.എഫുകളും ബോട്ടിൽ ബൂത്തുകളും നിർമ്മിച്ചിരിക്കുന്നത് എന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു.

SEUF നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലും അങ്കണവാടികളിലും സ്ഥാപിച്ചിട്ടുള്ള മിനി എം.സി.എഫ്, ബോട്ടിൽ ബൂത്തുകൾ എന്നിവയുടെ യഥാർത്ഥ സ്പെസിഫിക്കേഷന്റേയും അതനുസരിച്ച് നൽകാവുന്ന തുകയുടെയും വിശദ വിവരം താഴെ ചേർക്കുന്ന പ്രകാരമാണ്.

**1). ബോട്ടിൽ ബൂത്ത്**

| Item | DSR Code | Work | അളവ് | അംഗീകരിക്കാവുന്ന ഭാരം | നൽകാവുന്ന തുക |
|---|---|---|---|---|---|
| 1 | | Bottle Booth Legs ( 25x25x1.2 Mm MS Tube) | 1.7 M X 6 Nos | 10.2 X 0.9 Kg | |
| | | Horizontal Brazing ( 25x25x1.2 Mm MS Tube) | 2 M X 5 Nos<br>0.8 M X10 Nos | 18 X 0.9 Kg | |
| | | Bottle Booth Vertical Brazing ( 25x25x1.2 Mm MS Tube) | 1.2 M X 4 Nos<br>0.2 M X 3 Nos | 5.4 X 0.9 | |
| | 10.16.1<br>@ 158.79 / Kg | Bottle Booth Roof Purlins & Side ( 25x25x1.2 Mm MS Tube) | 2.6 M X 4 Nos<br>0.6 M X 4 Nos | 12.8 X 0.9 | 15045.35 |
| | | Bottle Booth Door Frame ( 4 Doors)<br>( 20x20x1.2 Mm MS Tube) Vertical & Horiz | 1.2 M X 8 Nos (Verti)<br>0.45x 12 Nos | 15 X 0.71 Kg | |
| | | 0.8mm MS Sheet (Front ) | 2m X 1.2 M | 2.4 X 6.3 | |
| | | 0.8mm MS Sheet ( Back ) | 2m X 1.2 M | 2.4x 6.3 | |
| | | 0.8mm MS Sheet ( Sides ) | 2x 0.8x 1.2 M | 1.92 X 6.3 | |
| | | Total | | 94.75 Kg | |
| 2 | 5.21 | Mesh Bottom | 2m X 0.8 M | 1.6 | 2374.06 |
| | | Mesh Inside | 3 X 0.8x 1.2 | 2.88 | |

| | | | | | |
|---|---|---|---|---|---|
| | @ 385.4/ M2 | Mesh Top | 2 X 2x 0.3<br>2x 0.8x0.3 | 1.68 | |
| | | Total | | 6.16 M2 | |
| 3 | 13.52.1 @ 164.7 /M2 | Painting | 12.509 M2 | 12.509 M2 | 2060.23 |
| Extra Item | 51.20<br>@563.69 | Roofing With 0.35 Mm Roofing Sheet | 2x 0.8x 2.6 | 4.16 | 2344.95 |
| | | Name Board | | | 1600 |
| | | Total | | | 23424.59 |
| | | 12 % GST | | | 2810.95 |
| | | **Total** | | | **26236** |

**2). മിനി എം സി.എഫ്.**

| Item | DSR Code | Work | അളവ് | അംഗീകരിക്കാവുന്ന ഭാരം | നൽകാവുന്ന തുക |
|---|---|---|---|---|---|
| 1 | 10.16.1<br>@ 158.79 / Kg | Mini MCF Legs<br>( 25x25x1.2 Mm MS Tube) | 1.4 M X 4 Nos | 5.6 X 0.9 Kg | 7517.12 |
| | | Mini MCF Horizontal Brazing ( 25x25x1.2 Mm MS Tube) | 1.1 M X 4 Nos<br>0.45 M X6 Nos | 7.1 X 0.9 Kg | |
| | | Mini MCF Vertical Brazing ( 25x25x1.2 Mm MS Tube) | 1.1 M X 2 Nos | 2.2 X 0.9 | |
| | | Mini MCF Roof Purlins & Side<br>( 25x25x1.2 Mm MS Tube) | 1.55 M X 4 Nos<br>0.45 M X 4 Nos | 8 X 0.9 | |
| | | Mini MCF Door Frame ( 4 Doors) ( 20x20x1.2 Mm MS Tube) Vertical & Horiz | 0.5 M X 6 Nos (Verti)<br>1.1x 4 Nos | 7.4x 0.71 Kg | |
| | | 0.8mm MS Sheet (Front ) | 1.1 X 1.1 M | 1.21 X 6.3 | |
| | | 0.8mm MS Sheet ( Back ) | 1.1 X 1.1 M | 1.21x 6.3 | |
| | | 0.8mm MS Sheet ( Sides ) | 2x 0.45x 1.1 M | 0.99 X 6.3 | |
| | | Total | | 47.34 Kg | |
| 2 | 5.21<br>@ 491.55/ M2 | Mesh Bottom | 1.1m X 0.45 M | 0.50 | 491.55 |
| | | Mesh Inside | 1 X 0.45x 1.1 | 0.50 | |
| | | Total | | 1 M2 | |
| 3 | 13.52.1 @ 210.06 /M2 | Painting | 0.78m2 | 0.78 M2 | 163.85 |
| Extra Item | 51.20<br>@563.69 | Roofing With 0.35 Mm Roofing Sheet | 2x 1.6 X 0.6 | 1.92 | 1082.28 |
| | | Sticker Work | | | 1050 |
| | | Total | | | 10304.80 |
| | | 12 % GST | | | 1236.58 |
| | | **Total** | | | **11542** |

ഇത് പ്രകാരം ജി.എസ്.ടി ഉൾപ്പെടെ ഒരു ഒരു ബോട്ടിൽ ബൂത്തിന് 26,236/- രൂപയും മിനി എം.സി.എഫിന് 11,542/- രൂപയും മാത്രമാണ് ചെലവ് വരുന്നത്.

ഇതനുസരിച്ച് മേൽ പരാമർശിച്ച ഇനങ്ങൾക്ക് നൽകാവുന്ന തുക ചേർക്കുന്നു.

| ഇനം | ഒരു യൂണിറ്റിന്റെ യഥാർത്ഥ തുക. | യൂണിറ്റുകളുടെ എണ്ണം. | അനുവദിക്കാവുന്ന തുക. | അനുവദിച്ച തുക | അധികം അനുവദിച്ചത്. |
|---|---|---|---|---|---|
| ബോട്ടിൽ ബൂത്ത് | 26236 | 27 | 7,08,372/- രൂപ | 9,49,995/- രൂപ | 2,41,623/- രൂപ |
| മിനി എം.സി.എഫ് | 11542 | 40 | 4,61,680/- രൂപ | 5,08,200/- രൂപ | 46,520/- രൂപ |
| ആകെ | | | 11,70,052/- രൂപ | 14,58,195/- രൂപ | 2,88,143/- രൂപ |

അധികം നൽകിയ 2,88,143/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്ന് തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. സ്ഥാപനം സെക്യൂരിറ്റി നിക്ഷേപം നൽകിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.31/18.10.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-25 ഐ.കെ.എം ന് വിഹിതം നൽകി- കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല.

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 4/23 |
| പേര് | : | ഐ.കെ.എം വിഹിതം അടവാക്കൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി |
| അടങ്കൽ തുക (₹) | : | 1,41,012/- രൂപ. (വികസന ഫണ്ട് - സാധാരണം) |
| ചെലവ് (₹) | : | 1,41,012/- രൂപ. |
| ബിൽ നമ്പർ / തീയതി | : | 22150952011100726073 തീയതി.03.11.2022 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം ഐ.കെ.എം ന് 1,41,012/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകിയതിന് കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.21/17.10.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-26 ഇലക്ട്രിഫിക്കേഷൻ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 59/23 |
| പേര് | : | പഞ്ചായത്തിലെ വിവിധ അങ്കണവാടികളുടെ വൈദ്യുതീകരണം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി |
| അടങ്കൽ തുക (₹) | : | 3,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് (₹) | : | 2,61,279/- |
| ബിൽ നമ്പർ / തീയതി | : | 22150952011100884805 തീയതി.09.12.2022 |

സ.ഉ (സാ.ധാ) നം 2878/2015/ തസ്വഭവ തി.22.09.2015 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്തുനടത്തുന്ന ഇലക്ട്രിക്കൽ പ്രവ്യത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവ്യത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും PWD, KSEB എന്നിവിടങ്ങളിൽ നിന്ന് വിരമിച്ച യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ LSGD എക്സി .എഞ്ചിനീയർ തയ്യാറാക്കേണ്ടതാണെന്നും ഈ പാനലിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. പ്രവ്യത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവ്യത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയായറാക്കുക എന്നിവ പ്രസ്തുത എഞ്ചിനീയറുടെ ഉത്തരവാദിത്വമായിരിക്കും. പ്രവ്യത്തിയുടെ എസ്റ്റിമേറ്റിന്റെ 3% ൽ കവിയാത്തതുക പ്രതിഫലമായി എഞ്ചിനീയർക്ക് നൽകാവുന്നതുമാണ്. ഇലക്ട്രിക്കൽ പ്രവ്യത്തികളുടെ സാങ്കേതിക അനുമതി, വർക്കുകളുടെ ചെക്ക് മെഷർമെന്റ് എന്നിവ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയർ കൺവീനറായി മൂന്നിൽ കുറയാതെയുള്ള PWD, KSEB എന്നിവിടങ്ങളിൽ നിന്ന് വിരമിച്ച യോഗ്യരായ എഞ്ചിനീയർമാർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്. പ്രസ്തുത കമ്മിറ്റിയിലെ ഇലക്ട്രിക്കൽ എഞ്ചിനീയർമാർ പ്രവ്യത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തേണ്ടതും പ്രവ്യത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തേണ്ടതുമാണ്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സി. എഞ്ചിനീയർ സാങ്കേതിക അനുമതി നൽകേണ്ടതും ബില്ലിന് അനുമതി നൽകേണ്ടതുമാണ്. പാനൽ അംഗങ്ങൾക്ക് എസ്റ്റിമേറ്റിന്റെ 1% പ്രതിഫലമായി നൽകാവുന്നതുമാണ്. ഇപ്രകാരം പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങേണ്ടതുമാണ്.

2022- 23 വർഷത്തിൽ നടപ്പിലാക്കിയ പഞ്ചായത്തിലെ വിവിധ അങ്കണവാടികളുടെ വൈദ്യുതീകരണം എന്ന ഇലക്ട്രിക്കൽ

പ്രവൃത്തിയിൽ സ.ഉ (സാ.ധാ) നം 2878/2015/ തസ്വഭവ തി.22.09.2015 ലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും എഞ്ചിനീയറെ തെരഞ്ഞെടുത്തതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനം തീരുമാനം കൈക്കൊണ്ടതായി കാണുന്നില്ല.

2). ശ്രീ.അലി കുന്നത്ത്, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ കരാർ ഉടമ്പടി വ്യവസ്ഥ 200/- രൂപയുടെ മുദ്രപേപ്പറിൽ തയ്യാറാക്കി ഒപ്പിട്ടു നൽകിയിട്ടുണ്ടെങ്കിലും ഉടമ്പടി ചമച്ച തീയതി, മാസം, വർഷം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കരാർ ഉടമ്പടിയിൽ ഒന്നാം കക്ഷിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒപ്പിട്ടിട്ടില്ല.

3). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക , ബിൽ തയ്യാറാക്കുക എന്നിവക്കുള്ള ഓണറേറിയവും (3%), പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള ഓണറേറിയവും (1%) ശ്രീ.അലി കുന്നത്ത് എന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്.

4). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങിയതായും കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.10/12.10.2023) അങ്കണവാടികളിൽ വൈദ്യുതീകരണ പ്രവർത്തികൾ വേഗത്തിൽ പൂർത്തിയാക്കേണ്ട സാഹചര്യം നിലവിലുണ്ടായിരുന്നതിനാലും വേനൽക്കാലമായതിനാൽ അങ്കണവാടികളിൽ വൈദ്യതി ലഭ്യമാകാത്തത് കുട്ടികളുടെ വരവിനെ ബാധിക്കുമെന്ന് കണ്ടതിനാലുമാണ് പ്രവൃത്തി വേഗത്തിലാക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും നടപടികൾ ഉണ്ടായത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. എൻക്വയറിയിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-27 സ്ട്രീറ്റ് ടാപ്പ്-ഡിമാന്റിലെ അപാകതകൾ പരിഹരിച്ച് വാട്ടർ ചാർജ്ജ് അടവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

സ്ട്രീറ്റ് ടാപ്പുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും 07.01.2023 ന് നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ട് 09.01.2023 ന് KWA/URI/GNL/2022-23 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരം ആകെ 158 ടാപ്പുകളിൽ 76 എണ്ണം മാത്രമാണ് പ്രവർത്തനക്ഷമമായത് എന്നും അതിൽ 13 ടാപ്പുകൾ ഉപയോഗിക്കാത്തത് / ദുരുപയോഗം ചെയ്യുന്നത് ആണ് എന്നും വാട്ടർ അതോറിറ്റി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആകെ 63 സ്ട്രീറ്റ് വാട്ടർ ടാപ്പുകൾ മാത്രമാണ് പഞ്ചായത്ത് പ്രദേശത്ത് നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിക്കുന്നതെന്നും, ഉപയോഗിക്കാത്തത് / ദുരുപയോഗം ചെയ്യുന്നത് എന്ന് കണ്ടെത്തിയ 13 വാട്ടർ ടാപ്പുകൾ കൂടി ഒഴിവാക്കി യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വാട്ടർ ടാപ്പുകൾക്ക് മാത്രമാണ് പണം നൽകുന്നത് എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഗ്രാമപ്പഞ്ചായത്തിൽ ജലനിധി, ജലജീവൻ മിഷൻ പദ്ധതികൾ പ്രകാരം കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്ന സാഹചര്യത്തിൽ സ്ട്രീറ്റ് ടാപ്പുകൾ അനിവാര്യമാണോ എന്നത് സംബന്ധിച്ച് പഞ്ചായത്ത് സമഗ്രമായ പഠനം നടത്തി അനിവാര്യമല്ലാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണെന്നും 2021-22 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-25 പ്രകാരം ഓഡിറ്റ് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ സംയുക്ത പരിശോധനയ്ക്ക് ശേഷവും മൊത്തം പ്രവർത്തന ക്ഷമമായ 76 ടാപ്പുകൾ മാത്രം ഡിമാന്റ് ചെയ്യേണ്ടതിന് പകരം മൊത്തം ടാപ്പുകളുടെ (158 എണ്ണം) ബില്ലാണ് തുടർന്നും വന്നുകൊണ്ടിരുന്നത്. ഈ സാഹചര്യത്തിൽ, നിലവിൽ പ്രവർത്തന ക്ഷമമായിട്ടുള്ള 76 ടാപ്പുകൾക്ക് മാത്രമായി നിലവിൽ അടക്കുന്നതിനുള്ള കുടിശ്ശികയടക്കമുള്ള വാട്ടർബില്ല് കുറവ് ചെയ്തു തരുന്ന മുറയ്ക്ക് മാത്രം ബില്ല് അടവാക്കുന്നതിനും, ജലനിധി കുടിവെള്ള പദ്ധതി പഞ്ചായത്തിൽ പ്രവർത്തനക്ഷമമായതിനാലും കേരളാ വാട്ടർ അതോറിറ്റിയുടെ ഭൂരിഭാഗം സ്ട്രീറ്റ് ടാപ്പുകളും പ്രവർത്തിക്കാത്തതിനാലും ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ട്രീറ്റ് ടാപ്പുകളും (158 ടാപ്പുകളും) ഒഴിവാക്കി നൽകുന്നതിന് വാട്ടർ അതോറിട്ടിക്ക് കത്ത് നൽകുന്നതിന് ഭരണസമിതി യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു (24.02.2023 തീയതിയിലെ സാധാരണ യോഗത്തിലെ 10(1) നമ്പർ തീരുമാനം). ഇതിന്റെ അടിസ്ഥാനത്തിൽ, ഇക്കാര്യം ആവശ്യപ്പെട്ട് കൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് തീരുമാനം സഹിതം 08.03.2023 ന് GPO/2022/5412 നമ്പർ പ്രകാരം കേരള വാട്ടർ അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഓർമ്മക്കുറിപ്പ് അടക്കമുള്ള യാതൊരു തുടർനടപടികളും ഗ്രാമപഞ്ചായത്തും സ്വീകരിച്ചിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ 2022 ഏപ്രിൽ മുതൽ 2022 ആഗസ്റ്റ് വരെയുള്ള മാസങ്ങളിലെ 158 ടാപ്പുകളുടെ വാട്ടർ ചാർജ്ജായ 3,81,045/- രൂപ (76,209 X 5) മാത്രമാണ് ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുള്ളത്. സംയുക്ത പരിശോധനാ തീയതി വരെയുള്ള ബിൽ തുക അടവാക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. 2023 സെപ്റ്റംബർ മാസം വരെയുള്ള കുടിശ്ശിക വിവരം താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ. | മാസം, വർഷം | ടാപ്പുകളുടെ എണ്ണം | ബിൽ തുക |
|---|---|---|---|
| 1 | 09/2022 | 158 | 76209 |

| | | | |
|---|---|---|---|
| 2 | 10/2022 | 158 | 76209 |
| 3 | 11/2022 | 158 | 76209 |
| 4 | 12/2022 | 158 | 76209 |
| 5 | 1/2023 | 158 | 76209 |
| 6 | 2/2023 | 158 | 76209 |
| 7 | 3/2023 | 158 | 76209 |
| 8 | 4/2023 | 158 | 191694 |
| 9 | 5/2023 | 76 | 92207 |
| 10 | 6/2023 | 76 | 92207 |
| 11 | 7/2023 | 76 | 92207 |
| 12 | 8/2023 | 76 | 92207 |
| 13 | 9/2023 | 76 | 92207 |
| ആകെ | | | 1186192 |

2023 സെപ്റ്റംബർ മാസത്തിലെ ഡിമാന്റ് നോട്ടീസ് പ്രകാരം ഫൈൻ ഉൾപ്പെടെ 15,89,273/- രൂപയാണ് അടവാക്കാനുള്ളത്. യഥാസമയം ഡിമാന്റിലെ അപാകത പരിഹരിച്ച് വാട്ടർ ചാർജ് അടവാക്കാത്തതിനാൽ ഫൈൻ ഇനത്തിൽ മാത്രം 4,03,081/- രൂപ അടവാക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്.

അപാകത പരാമർശിച്ച് ഓഡിറ്റ് എൻക്വയറി നൽകിതിനെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നമ്പർ.15/ 16.10.2023) 76 ടാപ്പുകൾക്കായി കുടിശ്ശികയടക്കമുള്ള ബില്ല് ക്രമപ്പെടുത്തുന്നതിനും ജലനിധി കുടിവെള്ള പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ വാട്ടർ അതോറിട്ടിയുടെ മുഴുവൻ ടാപ്പുകളും ഒഴിവാക്കുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിനായി 16.10.2023 ന് 400862/GARCO8/GPO/2023/3715 നമ്പർ പ്രകാരം 16.10.2023 ന് വീണ്ടും കത്തയച്ചിട്ടുണ്ടെന്നും സംയുക്ത പരിശോധന തീയതി വരെയുള്ള കുടിശ്ശിക തുക അടവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പഞ്ചായത്ത് തീരുമാന പ്രകാരമുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-28 തെരുവു വിളക്ക് സ്ഥാപിക്കൽ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പദ്ധതികൾക്കായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് നമ്പറും പേരും | നിർവഹണ ഏജൻസി | അടങ്കൽ തുക | ചെലവ് തുക | വൗച്ചർ/ബിൽ നമ്പർ & തീയതി. |
|---|---|---|---|---|
| 63/23 - തെരുവ് വിളക്ക് സ്ഥാപിക്കൽ. | United Electrical Industries Ltd, Kollam | 11,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 10,98,637/- രൂപ | 878/27.03.2022 |
| 64/23 - എസ്.സി കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ. | United Electrical Industries Ltd, Kollam | 2,62,500/- രൂപ (വികസന ഫണ്ട് -SCP - 2,60,399/- & തനത് ഫണ്ട് - 1,979) | 2,60,399/- രൂപ | 221509520111100935304/20.12.2022 |

പ്രൊജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1). തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ ഡി.എ3/ 2011 /തസ്വഭവ സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച് - പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്കനുബന്ധിത വസ്തുക്കൾ സ്ഥാപിക്കാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കിയത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങാതെയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ (303/2021 /SRG/LSGD/(C.C) (1)) 14.7.2021 ൽ നടന്ന യോഗത്തിലെ തീരുമാനം നമ്പർ (3-7) ൽ അക്രഡിറ്റഡ് ഏജൻസികൾ ബന്ധപ്പെട്ട വകുപ്പിന്റെ മേൽനോട്ടത്തിലല്ലാതെ പദ്ധതികൾ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നത് നിയമവിരുദ്ധമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2). 3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം (കെ.എസ്.ഇ.ബി പോസ്റ്റിന്റെ ലൊക്കേഷൻ, നമ്പർ, വാട്സ്, വാർഡ് നമ്പർ, വിളക്കിന്റെ തരം തുടങ്ങി വിവരങ്ങൾ ഉൾപ്പെടെ) ശേഖരിച്ചിട്ടില്ല.

3). കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പൂർത്തീകരണ സാക്ഷ്യ പത്രം, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഇല്ലാതെയാണ് മേൽസൂചിപ്പിച്ച പ്രോജക്റ്റുകൾക്ക് തുക അനുവദിച്ചിട്ടുള്ളത്. ഏതെല്ലാം വാർഡിൽ തെരുവ് വിളക്കുകൾ അറ്റകുറ്റപണി നടത്തിയെന്നതിന്റെ വിവരം (പോസ്റ്റ് നം. ഉൾപ്പെടെ) ലഭ്യമല്ല. വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ.16/16.10.2023) താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.
ഗ്രാമപഞ്ചായത്തിന്റെ മറുപടി.
"പദ്ധതികൾ നിർവ്വഹണം നടത്തുന്നതിന് മുന്നോടിയായി ഇൻസ്റ്റലേഷൻ അനുമതി ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി ക്ക് കത്ത് നൽകിയിരുന്നുവെങ്കിലും കെ.എസ്.ഇ.ബി യുടെ ഭാഗത്ത് നിന്നും അനുകൂലമായ മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ നേരിട്ട് കെ.എസ്.ഇ.ബി ഓഫീസിൽ പോയി അഭ്യർത്ഥിക്കുകയും ചെയ്തുവെങ്കിലും കെ.എസ്.ഇ.ബി യിൽ നിന്നും ഇൻസ്റ്റലേഷൻ അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിട്ടു. ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ മലയോര മേഖലകളിൽ കാട്ടാന ശല്യം രൂക്ഷമായ സാഹചര്യത്തിൽ തെരുവ് വിളക്കുകൾ ഇല്ലാത്തത് ജനങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാക്കിയ സാഹചര്യത്തിലും കാട്ടാനയുടെ ആക്രമണത്തിൽ കർഷകൻ മരണപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ജനങ്ങളിൽ നിന്നും സാമൂഹ്യ മാധ്യമങ്ങൾ വഴിയും നേരിട്ടും ഉണ്ടായ പ്രതിഷേധങ്ങളും കാരണം കെ.എസ്.ഇ.ബി യിൽ നിന്നും അനുമതി ലഭ്യമാവുന്നത് വരെ കാത്തിരിക്കേണ്ട സാഹചര്യം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസം നിറഞ്ഞതായിരുന്നു. ഈ സാഹചര്യത്തിൽ 2022-23 ൽ സ്പിൽ ഓവറായ പദ്ധതി ഇനിയും നീട്ടിക്കൊണ്ടു പോകുന്നത് കഴിയാത്തതിനാലാണ് കെ.എസ്.ഇ.ബി യിൽ നിന്നും അനുമതി വാങ്ങാതെ പ്രവർത്തി നടത്തിയത്. തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന് ശേഷവും തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം അനുവദിക്കുന്നതിന് കെ.എസ്.ഇ.ബി യെ സമീപിച്ചിരുന്നുവെങ്കിലും ലഭ്യമായില്ല. കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവര ശേഖരണം നടത്തുമെന്നും ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതവുമായ തെരുവ് വിളക്കുകളുടെ വിവരങ്ങൾ ശേഖരിക്കുമെന്നും മേൽ പറഞ്ഞ അപാകതകൾ ഇനി ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണ്."
മറുപടി പ്രകാരമുള്ള തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

നിർവ്വഹണം - മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി

**1) പദ്ധതി നം.48/23-FHC ഓടക്കയത്തിലേക്ക് മരുന്ന് വാങ്ങൽ**

അടങ്കൽ - 13,00,000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് - 12,93,718/-

വിവിധ ബില്ലുകൾ പ്രകാരമുള്ള ആകെ ചെലവ് തുകയിൽ ബിൽ നം.39/21.03.2023 പ്രകാരം 575573/- രൂപ പ്രഫോമ ഇൻവോയ്സ് നം. 5063/08.03.23 ന്റെ അടിസ്ഥാനത്തിൽ KMSCL ന് നൽകിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്ത ഇൻവോയ്സുകൾ പ്രകാരം ആകെ 344048/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുള്ളത്. 231525/- രൂപയുടെ മരുന്നുകൾ ലഭ്യമാവാനവശേഷിക്കുന്നുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം./തിയതി | തുക |
|---|---|---|
| 1 | 17044/24.8.23 | 7347 |
| 2 | 1673/21.8.23 | 4704 |
| 3 | 15808/11.8.23 | 10254 |
| 4 | 15407/8.8.23 | 11648 |
| 5 | 14336/28.7.23 | 39424 |
| 6 | 11844/7.7.23 | 48058 |
| 7 | 10648/26.6.23 | 8781 |
| 8 | 1320/27.4.23 | 68901 |
| 9 | 7048/01.06.23 | 37392 |
| 10 | 4118/18.5.23 | 4704 |

| | | |
|---|---|---|
| 11 | 3171/12.5.23 | 10080 |
| 12 | 1036/18.4.23 | 68191 |
| 13 | 1141/22.4.23 | 928 |
| 14 | 662/10.4.23 | 15400 |
| 15 | 1565/03.5.23 | 8236 |
| ആകെ | | 344048 |

**2) പദ്ധതി നം 49/23-പരിരക്ഷ**

അടങ്കൽ - 874540/-(800000 വികസന ഫണ്ട് ജനറൽ+74540തനത് ഫണ്ട് )

ചെലവ് - 846784/-(799534 വികസന ഫണ്ട് ജനറൽ+47250തനത് ഫണ്ട് )

മേൽ പദ്ധതിയുടെ ഭാഗമായി വിവിധ ബില്ലുകൾ പ്രകാരം ആകെ ചെലവഴിച്ച തുകയിൽ ബിൽ നം. 37/21.03.23 പ്രകാരം ചെലവ് ചെയ്ത 199646 രൂപയിൽ 11190 രൂപ പരിരകഷ ജീവനക്കാരുടെ ഭക്ഷണം, 39000 രൂപ വാഹന വാടക ഇനത്തിലും 149456 രൂപ പ്രഫോമ ഇൻവോയ്സ് നം. PRF5066/8.3.23 ന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് KMSCLന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.

**3) പദ്ധതി നം.197/23 – മാനസികാരോഗ്യ പരിചരണ പദ്ധതി**

അടങ്കൽ - 100000/-( തനത് ഫണ്ട് )

ചെലവ് - 82240/-

മേൽ പദ്ധതിയുടെ ഭാഗമായി വിവിധ ബില്ലുകൾ പ്രകാരം ആകെ ചെലവഴിച്ച തുകയിൽ ചെക്ക് നം. MA 1774927/27.03.23 പ്രകാരം ചെലവ് ചെയ്ത 70990 രൂപ പ്രഫോമ ഇൻവോയ്സ് നം. PRF5069/08.3.23 ന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് KMSCLന് അനുവദിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.

ആകെ ലഭ്യമാക്കാനവശേഷിക്കുന്നതായുള്ള 451971/- (149456+231525+70990) രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 29/2022-23/17.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-30 എഫ്.എച്ച്.സി മെഡിക്കൽ ഓഫീസറുടെ വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകൾ- ക്വട്ടേഷൻ/സ്റ്റോക്ക് അപാകതകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ-ജി.ഒ(പി) നം. 259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 5000 രൂപക്ക് മുകളിലും 25000 രൂപക്ക് താഴെയുമുള്ള ചെലവുകൾക്ക് ക്വട്ടേഷൻ നടപടികളും 25000 മുതൽ 100000 വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടിയും സ്വീകരിക്കേണ്ടതും, ജി.ഒ(പി)നം. 03/2013/ എസ്.പി.ഡി/21.06.2013 പ്രകാരം 15000 മുതൽ 100000 വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷനും ഒരു ലക്ഷം രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

എന്നാൽ എഫ്. എച്ച്. സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികൾ പ്രകാരമുള്ള ചില വാങ്ങലുകളിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുകയോ ലഭ്യമായ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത് വിവരം ശരിയായ രീതിയിൽ അധികൃതമാക്കുകയോ ചെയ്യുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി, ചെലവ് വിവരം | അപാകതകൾ |
|---|---|---|
| 1 | 206/23-സ്കൂളുകളിലേക്കും അംഗനവാടികളിലേക്കും മെഡിക്കൽ ഫസ്റ്റ് എയിഡ് വിതരണം<br>ചെലവ്-27921/- ബിൽ നം. 30/8.2.23, വികസന ഫണ്ട് ജനറൽ | ഏതൊക്കെ മരുന്നുകൾ എത്ര എണ്ണം വീതം ഓരോ അംഗനവാടികളും കൈപ്പറ്റി എന്നത് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന വിശദമായി കൈപ്പറ്റ് ഹാജരാക്കിയിട്ടില്ല. വിവിധ അംഗന വാടികളുടെ പേരിന് നേരെ ഒപ്പ് രേഖപ്പെടുത്തിയത് മാത്രമാണ് ഹാജരാക്കിയത്. |
| 2 | 203/23 – അനാമയം ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതി<br>ചെലവ്- 195407/- | (1) ആകെ ചെലവിൽ ബിൽ നം. 31/8.2.23 ചെലവിൽ 22850 രൂപ NCD ബുക്കുകൾ, മറ്റും പ്രിന്റ് ചെയ്ത് ലഭ്യമാക്കിയതിന് ഭാവന Offset പ്രിന്റേഴ്സ്-ന് അനുവദിച്ചത് പ്രകാരമുള്ള വാങ്ങലിന് ക്വട്ടേഷൻ നടപടി സ്വീകരിച്ചിട്ടില്ല<br>(2) ആകെ ചെലവിൽ ബിൽ നം. 42/31.3.23 ചെലവിൽ 42000 രൂപ ജീവിത |

| | | |
|---|---|---|
| | വികസന ഫണ്ട് ജനറൽ | ശൈലീ രോഗ നിയന്ത്രണ പരിപാടി ബുക്കുകൾ പ്രിന്റ് ചെയ്ത് ലഭ്യമാക്കിയതിന് ജില്ലാ പഞ്ചായത്ത് പ്രസ്സ് കൊണ്ടോട്ടി-ക്ക് അനുവദിച്ചതിന് ക്വട്ടേഷൻ നടപടി സ്വീകരിച്ചിട്ടില്ല |
| 3 | 272/23 ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ<br>ചെലവ് - 115771/-<br>ഹെൽത്ത് ഗ്രാന്റ് | വൗച്ചർ നം. 825/28.2.23 പ്രകാരം 45393 രൂപയും വൗച്ചർ നം 924/16.03.23 പ്രകാരം 70378 രൂപയും ലാബ് റിയോജന്റുകൾ ലഭ്യമാക്കിയതിന് അരീക്കോട് സർജിക്കൽസിന് നൽകിയിട്ടുണ്ട്. ക്വട്ടേഷൻ നോട്ടീസ് നം. 21/2023/19.01.23 പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ തുക രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയത്. എന്നാൽ ടാബുലാഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയോ ക്വട്ടേഷൻ പർച്ചേസ് കമ്മിറ്റി അംഗീകരിക്കുകയോ ചെയ്തിട്ടില്ല. |
| 4 | 271/23 ആരോഗ്യ സ്ഥാപനങ്ങൾക്ക് രോഗ നിർണ്ണയ സൗകര്യ ഒരുക്കൽ<br>ചെലവ് - 261396/- ഹെൽത്ത് ഗ്രാന്റ് | വൗച്ചർ നം. 826/28.2.23 പ്രകാരം 126770 രൂപയും വൗച്ചർ നം 923/16.03.23 പ്രകാരം 134626 രൂപയും ലാബ് റിയോജന്റുകളും മറ്റും ലഭ്യമാക്കിയതിന് അരീക്കോട് സർജിക്കൽസിന് നൽകിയിട്ടുണ്ട്. ക്വട്ടേഷൻ നോട്ടീസ് നം. 21/2023 /19.01.23 പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ തുക രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയത്. എന്നാൽ ടാബുലാഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയോ ക്വട്ടേഷൻ പർച്ചേസ് കമ്മിറ്റി അംഗീകരിക്കുകയോ ചെയ്തിട്ടില്ല. |
| 5 | 204/23 പകർച്ച വ്യാദി പ്രതിരോധ നിയന്ത്രണ പരിപാടി<br>ചെലവ് - 133190/-<br>വികസന ഫണ്ട് ജനറൽ | ആകെ ചെലവിൽ ബിൽ നം. 44/31.3.23 പ്രകാരമുള്ള 63270 രൂപയുടെ ചെലവിൽ 48320 രൂപ, 21 ആക്രിലിക് ബോർഡുകൾ ലഭ്യമാക്കിയതിന് ഡിജിറ്റൽ സൈൻ സെന്റർ എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ ബോർഡുകൾ എവിടെയൊക്കെ സ്ഥാപിച്ചു എന്നത് സംബന്ധിച്ച് സ്റ്റോക്ക്/ഇഷ്യൂ വിവരം അധികൃതമാക്കി ലഭ്യമാക്കിയിട്ടില്ല. |

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-31 ലൈഫ്-ആദ്യ ഘഡു അനുവദിച്ച് കാലമേറെയായിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല

വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതി നം. 189/23 ലൈഫ് ഭവന നിർമ്മാണം-എസ്.ടി പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ആദ്യ ഘഡു അനുവദിച്ച് ഒന്നര വർഷത്തോളമായിട്ടും വീട് നിർമ്മാണം ആരംഭിക്കാത്തതായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വ്യക്തിയുടെ വിവരം | അനുവദിച്ച തുക |
|---|---|---|
| 1 | ശ്രീ. രാമകൃഷ്ണൻ, S/o കേലൻചന്ദ്രൻ | 40000/- രൂപ , ബിൽ നം.21150952023201527041/30.03.22 |
| 2 | ശ്രീ. ചന്ദ്രൻ കുരീരി(കടിഞ്ഞി), S/o വലിയ രാമൻ | 40000/- രൂപ വൗച്ചർ നം. 767/10.01.23 |

ക്രമ നം(1) പ്രകാരമുള്ള വ്യക്തിക്ക് തുക അനുവദിച്ചിട്ട് ഒന്നര വർഷമായിട്ടും, ക്രമ നം(2) പ്രകാരമുള്ള വ്യക്തിക്ക് തുക അനുവദിച്ചിട്ട് നാളിതുവരെയും തുടർനടപടികളൊന്നും ഇല്ലാതെ നിർമ്മാണം ആരംഭിക്കാത്തത് ഉചിതമല്ല. വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനോ തുക തിരികെ ഈടാക്കുന്നതിനോ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-32 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

നിർവ്വഹണം - മെഡിക്കൽ ഓഫീസർ-ഹോമിയോ.

പദ്ധതി - 51/23ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.

അടങ്കൽ - 2,50,000/-(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് - 2,50,000/-

ബിൽ നം. 22150952022800921492/14.12.2022 പ്രകാരം 250000/- രൂപ പ്രഫോമ ഇൻവോയ്സ് നം. 312/15.09.22 ന്റെ അടിസ്ഥാനത്തിൽ HOMCO ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം. LF-851/04.08.23പ്രകാരം ആകെ 24818/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുള്ളത്. 225182/- രൂപയുടെ മരുന്നുകൾ ലഭ്യമാവാനവശേഷിക്കുന്നുണ്ട്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 30/2022-23/17.10.2023ന് ലഭ്യമാക്കിയ മറുപടി പ്രകാരം ശേഷിക്കുന്ന മരുന്നുകൾ

ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണ് എന്ന് അറിയിച്ചു. തുടർ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-33 പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | | | |
|---|---|---|---|
| പദ്ധതി നമ്പർ | : | 185/23 | 190/23 |
| നിർവ്വഹണം | | വി.ഇ.ഒ | വി.ഇ.ഒ |
| പേര് | : | പി.എം.എ.വൈ വിഹിതം അടവാക്കൽ (എസ്.സി) | പി.എം.എ.വൈ വിഹിതം അടവാക്കൽ (ജനറൽ) |
| അടങ്കൽ തുക (₹) | : | 4,20,000/- രൂപ (വികസന ഫണ്ട് - എസ്.സി.പി - 4,00,000 + തനത് ഫണ്ട് - 20000) | 3,00,000/- രൂപ (വികസന ഫണ്ട് - സാധാരണ വിഹിതം) |
| ചെലവ് (₹) | : | 2,80,000/- രൂപ (വികസന ഫണ്ട് - എസ്.സി.പി) | 3,00,000/- രൂപ |

പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം താഴെ പറയുന്ന പ്രകാരം അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ | തീയതി | തുക |
|---|---|---|
| 185/23 | 13.02.2023 | 70,000/- |
| | 15.03.2023 | 2,10,000/- |
| 190/23 | 13.02.2023 | 70,000/- |
| | 15.03.2023 | 2,30,000/- |

ഓഡിറ്റ് എൻക്വയറി നമ്പർ.38/18.10.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ആകെ തുക 580000/- തടസത്തിൽ വെക്കുന്നു.

## 1-34 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ നിർവഹണോദ്യോഗസ്ഥരും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.
2. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി , ബാങ്ക് അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/18-10-2023) അപാകതകൾ പരിഹരിച്ച് കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
തുടർന്നുള്ള വർഷങ്ങളിൽ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-35 അസിസ്റ്റന്റ് എഞ്ചിനിയർ – കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ അരീക്കോട് സബ് ട്രഷറിയിൽ ഉള്ള 799011400002949നമ്പർ അക്കൗണ്ടിൽ 03.10.2023 ന് ₹ 80142 ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

ഈ അക്കൗണ്ടുകളിലെ വരവ് ചെലവ് വിവരം അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അക്കൗണ്ടുകളിലെ ഇടപാടുകൾ നിരീക്ഷിക്കുന്നതിന് മറ്റ് ഏതെങ്കിലും രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. അതിനാൽത്തന്നെ അക്കൗണ്ടിൽ വരവ് വന്ന തുകകൾ അർഹരായവർക്ക് നൽകിയോ എന്നും ബാക്കി നിൽക്കുന്ന തുക ആർക്കെല്ലാം നൽകാനുള്ളതാണ് എന്നത് സംബന്ധിച്ചും വ്യക്തമായ വിവരം ഇല്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് എഞ്ചിനിയറുടെ ട്രഷറി അക്കൗണ്ടിലേക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ അക്കൗണ്ടിൽ പണം ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള വിവിധ അക്കൗണ്ടുകളിലായി ചെലവഴിക്കാൻഅവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകി വിവരം അറിയിക്കേണ്ടതുമാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 36/18-10-2023) മറുപടി ലഭ്യമാക്കിയില്ല

## 1-36 സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്. ഇത്തരത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ
2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ
3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.07.2019 ലെ ഇ.ഡബ്ല്യു3/104/2019-ത.സ്വ.ഭ.വ നമ്പർ സർക്കുലർ
4. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.01.2020 ലെ ഇ.ഡബ്ല്യു3/330/2019/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ
5. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.02.21 ലെ ഇ.ഡബ്ല്യുഎ3/179/2020ത.സ്വ.ഭ.വ നമ്പർ സർക്കുലർ

സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എങ്ങനെയായിരിക്കണം എന്നതിന് അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ മേൽ സൂചിപ്പിച്ച സർക്കുലറിലാണ് . മേൽ സർക്കുലറുകളിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

- കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.
- കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ്തന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.
- എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.
- സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.
- ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപകൽപ്പന മുതൽ പൂർത്തീകരണംവരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവഹിക്കേണ്ടതാണ്.

പഞ്ചായത്തിൽ 2022- 23 വർഷങ്ങളിലെ സ്കൂൾ ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഫിറ്റ്നസ് നൽകുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നത് എന്ന് വ്യക്തമായി.

പരിശോധനയിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിച്ചിട്ടില്ല.

2) പഞ്ചായത്തിൽ നിന്ന് നിന്ന് നമ്പർ നൽകാത്ത അനധികൃത നിർമ്മിതികൾക്ക് ഉൾപ്പെടെ ഫിറ്റ്നസ് നൽകി.

3) എഞ്ചിനിയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള റിപ്പോർട്ടുകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷകളിലും ഫിറ്റ്നസ് നൽകി.

4) സർക്കാർ നിർദ്ദേശിച്ച ആദ്യതവണ ഫീസ് ഈടാക്കിയോ എന്ന് ഉറപ്പ് വരുത്താതെയാണ് ഫിറ്റ്നസ് നൽകിയത്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/16-10-2023) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ആദ്യ തവണ ഫിറ്റ്നസ് നൽകിയ കെട്ടിടങ്ങൾക്ക് മാത്രമാണ് ഫിറ്റ്നസ് നൽകിയത് എന്നും തുടർന്നുള്ള വർഷങ്ങളിൽ ഫിറ്റ്നസ് നൽകുമ്പോൾ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിൽ സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിക്കേണ്ടതാണ്..

## 1-37 ഐ.സി.ഡി.എസ് സൂപ്പർവൈസർ-കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ICDS സൂപ്പർവൈസറുടെ പേരിൽ അരീക്കോട് സബ് ട്രഷറിയിൽ ഉള്ള 799011400001158 നമ്പർ അക്കൗണ്ടിൽ 13.10.2023 ന് ₹ 109824 ചെലവഴിക്കാതെ അവശേഷിക്കുന്നതായി കണ്ടെത്തി.

പ്രവൃത്തി ബില്ല് തയ്യാറാക്കി റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് ട്രഷറി അക്കൗണ്ടിലേക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ അക്കൗണ്ടിൽ പണം ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. അർഹരായവർക്ക് തുക നൽകുന്നതിൽ വീഴ്ച വന്നത് കാരണമാണ് പണം ചെലവഴിക്കാതെ അവശേഷിക്കുന്നത്.

ചെലവഴിക്കാൻഅവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകി വിവരം അറിയിക്കേണ്ടതുമാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/16-10-2023) വിവിധ ഗുണഭോക്താക്കൾക്ക് ട്രഷറി മുഖേന വിതരണം ചെയ്യുന്നതിന് നൽകിയ തുകയിൽ സാങ്കേതിക കാരണങ്ങളാൽ തിരിച്ച് വന്ന തുകയാണ് അക്കൗണ്ടിൽ

അവശേഷിക്കുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

## 1-38 ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങൽ - അപാകതകൾ

ICDS സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പരാമർശിക്കുന്ന പ്രൊജക്ടുകൾ ടെണ്ടർ നടപടികൾ പാലിക്കാതെ ARTCO മുഖേനയാണ് നടപ്പാക്കിയത്.

പ്രൊജക്ടിന്റെ വിവങ്ങൾ താഴെ നൽകുന്നു.

| പ്രൊജക്ട് | ചെലവ് | കുറിപ്പ് |
|---|---|---|
| വയോജനങ്ങൾക്ക് കട്ടിൽ വിതരണം ( 43/23 ) | 712350 (22150952023400322984/ 18.07.2022) | ARTCO കോഴിക്കോടിന്റെ KKD 622,623 നം ഇൻവോയ്സ് പ്രകാരം വിതരണം ചെയ്ത 170 കട്ടിലുകളുടെ വില നൽകിയത്. |
| കൈത്താങ്ങ്- വയോജനങ്ങൾക്ക് കട്ടിൽ വിതരണം ( 116/23 ) | 407850 (22150952023401067794/ 19.01.2023) | ARTCO കോഴിക്കോടിന്റെ KKD 188/ 4.1.23 നം ഇൻവോയ്സ് പ്രകാരം വിതരണം ചെയ്ത 97 കട്ടിലുകളുടെ വില നൽകിയത്. |

പ്രൊജക്ട് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

**1) സർക്കാർ അനുമതിക്ക് വിരുദ്ധമായി സാധനങ്ങൾ വാങ്ങി.**

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി ARTCO നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതാണ്.(GO(RT) 7/2022/SPD Dt 02.02.2022, GO(Rt) 06/ 2022 /SPD Dt 02.02.2022 )

മേൽ ഉത്തരവിൽ ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിക്കപ്പെട്ട വിലയിൽ വിതരണം ചെയ്യുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം ടെണ്ടർ നടപടി കൂടാതെ വാങ്ങുന്നതിന് സർക്കാർ പ്രത്യേകം അനുമതി നൽകാതെ ഒരു സാധനവും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാൻ പാടില്ല എന്നും മേൽ ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത കട്ടിൽ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നൽകിയതിൽ ഉൾപ്പെടുന്നില്ല.

ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതിയില്ലാത്ത സാധനങ്ങൾ ടെണ്ടർ നടപടി പാലിക്കാതെ വാങ്ങിയത് പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/16-10-2023) കട്ടിലുകൾക്ക് നൽകാവുന്ന പരമാവധി വില സർക്കാർ നിശ്ചയിച്ച് നൽകിയതിനാൽ പ്രസ്തുത വിലക്ക് ടെണ്ടർ കൂടാതെ വാങ്ങാം എന്ന ധാരണയിലാണ് ഇത്തരത്തിൽ വാങ്ങൽ നടത്തിയത് എന്നും 2021-22 ഓഡിറ്റിന്റെ ഭാഗമായി വാങ്ങലിലെ അപാകത സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ടെണ്ടർ നടപടികളിലൂടെയാണ് വാങ്ങൽ നടത്തിയത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തിയതിനാൽ ഈ ഇനത്തിലെ ചെലവ് ₹1120200 തടസ്സം ചെയ്യുന്നു. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വാങ്ങൽ നടത്തിയതിന് സർക്കാർ സാധൂകരണം നേടിതടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-39 വിദ്യാർത്ഥികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ വിതരണം- അനുമതിയില്ലാത്ത പ്രൊജക്ട് നടപ്പാക്കി.

ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി 2022-23 ൽ പണം നൽകിയ ഗവ.എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ വാങ്ങി നൽകൽ (പ്രൊജക്ട് നം. 2/23 ) എന്ന പ്രൊജക്ടിന്റെ വിവരങ്ങൾ താഴെ നൽകുന്നു. .

വാട്ടർ ബോട്ടിൽ വിതരണം ചെയ്ത സ്ഥാപനം - ഹെഡ്കോ , കോഴിക്കോട്

ആകെ വിതരണം ചെയ്ത വാട്ടർ ബോട്ടിൽ - 2000

ആകെ ചെലവ് - 420,000 ( Bill No 22150952022600102924/ 13.05.2022 )

13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ വ്യക്തമാക്കി GO (MS) 22/2018 /LSGD Dt 14.02.2018 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതാണ്.

മേൽ ഉത്തരവിൽ പരാമർശിക്കാത്ത ഏതെങ്കിലും ഇനത്തിന് സബ്സിഡി നൽകണമെങ്കിൽ സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ് എന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ( ഖ 2.2 )

വിദ്യാർത്ഥികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ നൽകുന്നതിന് ഈ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം നടപ്പാക്കാൻ അനുമതിയില്ലാത്ത ഈ വ്യക്തിഗത ആനുകൂല്യ വിതരണ പ്രൊജക്ട് നടപ്പാക്കുന്നതിന് സർക്കാർ അനുമതി നേടിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ നിർദ്ദേശിച്ച് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (18/12-10-2023) പദ്ധതി നടത്തിപ്പിന് സർക്കാർ സാധൂകരണം നേടുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നാണ് നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം നടപ്പാക്കാൻ അനുമതിയില്ലാത്ത വ്യക്തിഗത ആനുകൂല്യ പ്രൊജക്ട് നടപ്പാക്കിയതിനാൽ ഇതിന് ചെലവഴിച്ച ₹ 420,000 ചെലവ് തടസ്സം ചെയ്യുന്നു. പദ്ധതി നടത്തിപ്പിന് സർക്കാർ സാധൂകരണം നേടി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

എസ്.എസ്.കെ വിഹിതം അടവാക്കുന്നതിന് ഹെഡ് മാസ്റ്റർ 2022-23 ൽ നിർവഹണം നടത്തിയ പ്രൊജക്ടുകളുടെ വിവരം താഴെ നൽകുന്നു.

| പ്രൊജക്ട് | ചെലവ് | കുറിപ്പ് |
|---|---|---|
| എസ് എസ് എ വിഹിതം അടവാക്കൽ - ജനറൽ ( 257/23) | 1000000 | 22150952026501528971/ 28.03.2023-347822<br>22150952026501482296/ 25.03.2023-652178 |
| എസ് എസ് എ വിഹിതം അടവാക്കൽ - എസ്.സി.പി (258/23) | 268107 | 22150952026501556660/ 29.03.2023 |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 പ്രകാരം

1. ഗ്രാമപഞ്ചായത്തുകൾ വകയിരുത്തുന്ന എസ്.എസ്.കെ പ്രൊജക്ട് വിഹിതങ്ങളിൽ പട്ടികജാതി , പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ചെലവഴിക്കുന്ന തുക യഥാക്രമം SCP, TSP ഫണ്ടുകളിൽ നിന്ന് ചെലവഴിക്കാവുന്നതാണ്. ( ഖ 5.2(എ ) 2 )

2. എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്റ്റിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്ത ത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ( ഖ 8.6.3)

3. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്റ്റിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം. ( ഖ 8.6.4)

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. ₹268107 SCP വിഹിതത്തിൽ നിന്ന് നൽകിയെങ്കിലും ഇത് പട്ടികജാതി വിഭാഗം കുട്ടികൾക്ക് ചെലവഴിക്കുന്ന തുകയാണോ നൽകിയത് എന്ന് പരിശോധിക്കുന്നതിന് രേഖ ലഭ്യമാക്കിയിട്ടില്ല.

2. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.

3. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

4. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവൃത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

5. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6. പ്രൊജക്റ്റിന്റെ പൂർണ്ണമായി വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/12-10-2023) അപാകതകൾ SSK യെ അറിയിച്ച് പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

SSK പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും തൻവർഷ ചെലവ് തുകയുടെ പൂർണ്ണമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ് .

## 1-41 94.22 ഏക്കർ പുറമ്പോക്ക് കയ്യേറ്റം ചെയ്യപ്പെട്ടു - ആസ്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

പഞ്ചായത്തിലെ ചെറുപുഴയുടെ തീരത്തുള്ള 94.22 ഏക്കർ പുറമ്പോക്ക് ഭൂമി കയ്യേറ്റം ചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നിന്ന് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

1. ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിൽ ഒരു ആസ്തി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതായി

കണ്ടെത്താനായില്ല.

2. 17.12.2021 ലെ പഞ്ചായത്ത് യോഗ തീരുമാനപ്രകാരം പുറമ്പോക്ക് ഭൂമി സ്വാകര്യ വ്യക്തികൾ കയ്യേറിയത് അളന്ന് തിട്ടപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസറോട് അപേക്ഷിക്കാൻ തീരുമാനിച്ചു.

3. 21.02.2022 ലെ പഞ്ചായത്ത് യോഗ തീരുമാനപ്രകാരം ചെറുപുഴയുടെ ഇരു വശങ്ങളിലുമുള്ള പഞ്ചായത്ത് ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടോ എന്നും നാശ നഷ്ടങ്ങൾ വരുത്തിയിട്ടുണ്ടോ എന്നും പരിശോധിക്കുന്നതിനും അന്യാധീനപ്പെടുത്തി നാശനഷ്ടം വരുത്തിയിട്ടുണ്ടെങ്കിൽ അത് തിരിച്ചു പിടിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വെറ്റിലപ്പാറ വില്ലേജ് ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെടാനും റിപ്പോർട്ട് കിട്ടുന്ന മുറക്ക് തുടർ നടപടികളുമായി മുന്നോട്ട് പോകാനും തീരുമാനിക്കുകയും അതുവരെ പുറമ്പോക്ക് ഭൂമിയുടെ തൽ സ്ഥിതി തുടരുന്നതിനും യോഗം തീരുമാനിച്ചു.

4. വെറ്റിലപ്പാറ വില്ലേജ് ഓഫീസറുടെ 21.02.2022 ലെ 34/ 2022 നം കത്ത് പ്രകാരം പഞ്ചായത്തിലെ ചെറുപുഴയുടെ തീരത്തുള്ള 94.22 ഏക്കർ സ്ഥലം കേരള സർക്കാറിന്റെ 14.08.86 ലെ 24038/ P1/84/RD നം ഉത്തരവ് പ്രകാരം പഞ്ചായത്തിന് കൈമാറിയതായി വില്ലേജ് രേഖകളിൽ കാണുന്നുണ്ട് എന്ന് പഞ്ചായത്തിനെ അറിയിച്ചു. പുറമ്പോക്കുകളുടെ സംരക്ഷണം പഞ്ചായത്തിൽ നിക്ഷിപ്തമായതിനാൽ ഇക്കാര്യത്തിൽ വില്ലേജിൽ നിന്ന് തുടർ നടപടി സ്വീകരിക്കാൻ സാധിക്കുകയില്ല എന്നും അറിയിച്ചു.

5. പുറമ്പോക്ക് ഭൂമി കയ്യേറ്റം ചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ ശ്രീമതി ദീപ രജിദാസ് ഫയൽ ചെയ്ത WP( C ) NO 10214 OF 2022 നം കേസിൽ 28.06.2022 ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ കോടതി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് .

A)വിധിന്യായം ലഭിച്ച് രണ്ട് മാസത്തിനകം പുഴ പുറമ്പോക്കിന്റെ സർവേ നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് പഞ്ചായത്തിന് നൽകണമെന്ന് ഏറനാട് തഹസിൽദാർ , വെറ്റിലപ്പാറ വില്ലേജ് ഓഫീസർ എന്നിവർക്ക് നിർദ്ദേശം നൽകി.

B) റിപ്പോർട്ട് ലഭിച്ചാൽ കയ്യേറ്റക്കാരെ നിയമപ്രകാരം ഒഴിപ്പിക്കുന്നതിന് പഞ്ചായത്തിനോടും നിർദ്ദേശിച്ചു.

6. ഏറനാട് തഹസിൽദാറുടെ 8.11.2022 ലെ കത്തിൽ മേൽ പരാമർശിച്ച കോടതി വിധി പ്രകാരം പുഴ പുറമ്പോക്ക് 14.11.2022 ന് സർവേ നടത്തി കയ്യേറ്റം നിർണ്ണയിക്കുന്നതിന് തീരുമാനിച്ചതായി പഞ്ചായത്തിനെ അറിയിക്കുകയും സർവേ നടത്തുന്നതിനുള്ള ഉപകരണം , സർവേയർമാർ, കോട്ട വെട്ടിത്തെളിക്കുന്നതിനുള്ള ജോലിക്കാർ എന്നിവരെ അനുവദിക്കണം എന്ന് ആവശ്യപ്പെടുകയും ചെയ്തു.

7. 16.11.2022 ലെ ഭരണ സമിതി യോഗം സർവേ ചെയ്യുന്നതിന് പണം അനുവദിക്കാൻ പഞ്ചായത്തിനാവില്ല എന്ന് തീരുമാനിക്കുകയും ഇത് സംബന്ധിച്ച് നിയമോപദേശം തേടുന്നതിനും ഭൂരിപക്ഷാഭിപ്രായപ്രകാരം തീരുമാനിക്കുകയും ചെയ്തു.

8. ഗ്രാമപഞ്ചായത്ത് സെക്രട്ടറി 17.11.2022 ന് ഏറനാട് താലൂക്ക് സർവേയർക്ക് നൽകിയ B1-5110/2022 നം കത്തിൽ സർവേ നടത്തുന്നതിന് പണം ചെലവഴിക്കാൻ പഞ്ചായത്ത് ഭരണ സമിതിയുടെ അനുമതി ലഭ്യമായിട്ടില്ല എന്ന വിവരം അറിയിച്ച് കത്ത് നൽകി.

9. പഞ്ചായത്ത് രാജ് നിയമപ്രകാരം വില്ലേജ് ഓഫീസർക്ക് സർവേ നടത്തുന്നതിന് പണം നൽകുന്നതിന് പണം നൽകുന്നതിനെക്കുറിച്ച് ഒന്നും തന്നെ പരാമർശിക്കുന്നില്ല എന്നും അതിനാൽ പണം നൽകണമെന്നില്ല എന്നും നിയമോപദേശം ലഭിച്ചു ( 17.11.2022 )

10. 26.11.2022 ലെ ഭരണ സമിതി തീരുമാനം ലീഗൽ ഒപ്പീനിയന്റെ അടിസ്ഥാനത്തിൽ സർവേ നടത്തുന്നതിന് പണം ചെവഴിക്കാൻ കഴിയില്ല എന്ന് ഭൂരിപക്ഷ തീരുമാനം എടുത്തു.ഇക്കാര്യം പഞ്ചായത്ത് സെക്രട്ടറി 06.12.2022 ലെ 400862/ AMCA02/ GPO/2022/ 5113 നം കത്ത് പ്രകാരം ഏറനാട് തഹസിൽദാരെ (ഭൂരേഖ ) അറിയിച്ചു.

11. ഏറനാട് ഭൂരേഖാ തഹസിൽദാരുടെ 20.01.2023 ലെ കത്ത് പ്രകാരം കോടതി ഉത്തരവ് പ്രകാരമുള്ള സർവേ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി, അതിനുള്ള പണം പഞ്ചായത്ത് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്തിന് കത്ത് നൽകി.

12. മേൽ കത്തിന് പഞ്ചായത്ത് നാളിതുവരെ മറുപടി നൽകിയതായി കാണുന്നില്ല.

പഞ്ചായത്തിന് വിട്ടുകിട്ടിയ പുറമ്പോക്ക് ഭൂമി കയ്യേറ്റം ചെയ്യപ്പെട്ടിട്ടുണ്ട് എന്ന കാര്യത്തിൽ പഞ്ചായത്തിന് സംശയം ഒന്നും ഇല്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

കേരള പഞ്ചായത്ത് രാജ് ( കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും ) ചട്ടങ്ങൾ ചട്ടം 4 പ്രകാരം അനധികൃത കയ്യേറ്റങ്ങൾക്കെതിരെ പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 08.11.2018 ലെ സി2-15471/18 നം സർക്കുലറിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള പുഴകൾ, കനാലുകൾ, തോടുകൾ എന്നിവയുടെ അതിർത്തി അടിയന്തിരമായി റിസർവേ നടത്തി കല്ലിട്ട് വേർതിരിക്കുന്നതിനും, വേലി കെട്ടി സംരക്ഷിക്കുന്നതിനും , കയ്യേറ്റക്കാർക്കെതിരെ പഞ്ചായത്ത് രാജ് ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിന് വിട്ടുകിട്ടിയ ചെറുപുഴയുടെ തീരത്തുള്ള 94.22 ഏക്കർ പുറമ്പോക്ക് ഭൂമി അതിർ തിരിച്ച്

സംരക്ഷിക്കുന്നതിനും കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനും പഞ്ചായത്ത് രാജ് ചട്ടങ്ങൾ, പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ എന്നിവയിലെ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല.

പുറമ്പോക്ക് ഭൂമി കണ്ടെത്തുന്നതിന് സർവേ നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കോടതി നിർദ്ദേശം ഉണ്ടായിട്ടും സർവേ നടത്തുന്നതിന് പണം അനുവദിക്കാനാവില്ല എന്ന നിലപാട് സ്വീകരിച്ച് സർവേ നടപടികൾ തടസ്സപ്പെടുത്തുന്ന നിലപാടാണ് പഞ്ചായത്ത് ഭരണ സമിതി സ്വീകരിച്ചിരിക്കുന്നത്. ഇതുവഴി പഞ്ചായത്തിന് വിട്ടുകിട്ടിയ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും കയ്യേറ്റം കണ്ടെത്തി ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾക്കാണ് തടസ്സം നേരിട്ടിരിക്കുന്നത്. പഞ്ചായത്തിന്റെ ആസ്തി സംരക്ഷിക്കുക എന്ന അടിസ്ഥാനപരമായ ചുമതല നിറവേറ്റുന്നതിന് തടസ്സം വരുത്തുന്ന രീതിയിലുള്ള ഭരണസമിതി തീരുമാനം ഉണ്ടായിട്ടും ഈ തീരുമാനം സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇക്കാര്യത്തിൽ സർക്കാറിന്റെ തീർപ്പ് ലഭിക്കുന്നതിന് കാലാകാലങ്ങളിലെ പഞ്ചായത്ത് സെക്രട്ടറിമാരും നടപടികൾ സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിന് വിട്ടുകിട്ടിയ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി ആസ്തിയിൽ ഉൾപ്പെടുത്തുന്നതിലും, കയ്യേറ്റം കണ്ടെത്തി ഒഴിപ്പിക്കുന്നതിലും പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യം തുടർ നടപടിക്കായി ഭരണസമിതിയുടെയും ഭരണ വകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-42 അംഗൻവാടി ഭൂമി സ്വകാര്യ വ്യക്തി കയ്യേറി- കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് മൈത്ര അങ്കണവാടിക്ക് വില്ലേജ് രേഖകൾ പ്രകാരവുമുള്ള സ്ഥലത്തിൽ 0.6 സെന്റ് സ്ഥലം സ്വകാര്യ വ്യക്തിയുടെ കൈവശവുമാണ് ഉള്ളത് എന്നും ആയതിനാൽ ടി അങ്കണവാടിയുടെ കൈമോശം വന്ന സ്ഥലം വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള വനിത ശിശു വികസന ഓഫീസർ അരീക്കോട് എന്നവരുടെ കത്തിൽ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. ( 25.01.2023 ലെ 3ാം നമ്പർ തീരുമാനം ) .

അംഗൻവാടിയുടെ സ്ഥലം സ്വകാര്യ വ്യക്തി കയ്യേറിയത് തിരിച്ചുപിടിക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/18-10-2023) പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ അംഗൻവാടിയുടെ സ്ഥലം സ്വകാര്യ വ്യക്തികൾ കയ്യേറി എന്നത് അംഗീകരിച്ചിട്ടുണ്ട്. കയ്യേറിയ സ്ഥലം സമീപ വീട്ടുകാർ വഴിയായി ഉപയോഗിക്കുകയാണ് എന്നും അത് വിട്ടു കിട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ( കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും ) ചട്ടങ്ങൾ ചട്ടം 4 പ്രകാരം അനധികൃത കയ്യേറ്റങ്ങൾക്കെതിരെ പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 08.11.2018 ലെ സി2-15471/18 നം സർക്കുലറിൽ പഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിന് നിയപ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ കർശനമായി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

റവന്യൂ രേഖകൾ പ്രകാരം പഞ്ചായത്തിന്റെ ഭൂമിയാണ് എന്ന് വ്യക്തമായ രേഖ ഉള്ള അംഗൻവാടി ഭൂമി സ്വകാര്യ വ്യക്തി കയ്യേറി എന്ന് വ്യക്തമായിട്ടും സ്ഥലം തിരികെപ്പിടിക്കുന്നതിന് പഞ്ചായത്ത് ചട്ടപ്രകാരമുള്ള നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല എന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അനധികൃതമായി കയ്യേറിയ പഞ്ചായത്ത് ഭൂമി തിരിച്ചുപിടിക്കുന്നതിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-43 ഹരിതകർമ്മസേന പ്രവർത്തനാവലോകനം

**I. ആമുഖം**

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് മാലിന്യ സംസ്കരണം. ജൈവ , അജൈവ മാലിന്യങ്ങൾ , ഖര , ദ്രവ , വാതക മാലിന്യങ്ങൾ എന്നിങ്ങനെ വിവിധ തരം മാലിന്യങ്ങൾ ഉണ്ടെങ്കിലും ഊർങ്ങാട്ടിരി ഗ്രാമപ്പഞ്ചായത്തിന്റെ നിലവിലെ സ്ഥിതി പരിഗണിക്കുമ്പോൾ ദ്രവ, വാതക മാലിന്യങ്ങൾ ഗൗരവതരമായ ഒരു പ്രശ്നമല്ല.

നിലവിലെ അവസ്ഥയിൽ ജൈവ, അജൈവ ഖര മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ആണ് പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധപതിയേണ്ടത്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാക്കി വരുന്നത്. ഗ്രാമ പ്രദേശമായതിനാൽ ഉറവിട ജൈവ മാലിന്യ സംസ്കരണം ഏറക്കുറെ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നുമുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണമാണ് നിലവിൽ ഗ്രാമപ്പഞ്ചായത്ത് നേരിടുന്ന ഗൗരവമായ വെല്ലുവിളി.

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി അജൈവ മാലിന്യ നിർമാർജ്ജനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിനിന്റെ ഭാഗമായാണ് ഹരിത കർമ്മസേന - തൊഴിൽ സംരംഭ

ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ 2022-23 വരെയുള്ള പ്രവർത്തനം പരിശോധിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

**II.ഹരിത കർമ്മസേന – അടിസ്ഥാന വിവരങ്ങൾ.**

- 22.07.2019 നാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. നിലവിൽ 25അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. 21 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മസേനംഗങ്ങൾ ഒരുമിച്ച് എല്ലാ വാർഡുകളിലും മാലിന്യ ശേഖരണം നടത്തുന്ന രീതിയാണ് നിലവിലുള്ളത്.
- വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയുമാണ് യൂസർ ഫീ നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ 9947 വീടുകൾ, 349കടകൾ എന്നിവ ഹരിത കർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.
- ഹരിത കർമ്മസേന അംഗങ്ങലിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട്, സെക്രട്ടറി, എന്നിവരുടെ നേതൃത്വത്തിലാണ് ഹരിതകർമ്മസേന പ്രവർത്തനങ്ങൾ നടത്തുന്നത് കാനറാ ബ്ങ്ക് വെറ്റിലപ്പാറ ശാഖയിലെ അക്കൗണ്ടിലൂടെയാണ് സാമ്പത്തിക ഇടപാടുകൾ നടത്തിവരുന്നത്.
- ഹരിത കർമ്മസേനയുടെ പ്രധാന വരുമാന മാർഗ്ഗം യൂസർഫീ ,സ്ക്രാപ്പ് സെയിൽസ് എന്നിവയാണ്.
- ഊർങ്ങാട്ടിരി ഗ്രാമപ്പഞ്ചായത്തിന്റെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് അന്തിമ ബൈലോ 10.08.2022 ലെ തീരുമാനം പ്രകാരം പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചതാണ്.

**III.അടിസ്ഥാന സൗകര്യങ്ങൾ**

ഹരിത കർമ്മസേന പ്രവർത്തനം സംന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകൾ നിർമ്മിക്കുകയോ വാടകക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. ( 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ )

ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരം തിരിക്കുന്നത് വാടക കെട്ടിടത്തിലാണ്. നിലവിലെ കെട്ടിടത്തിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. പുതിയ എം.സി.എഫ് കെട്ടിടം പ്രവൃത്തി പഞ്ചായത്ത് പൂർത്തീകരിച്ച് വരുന്നുണ്ട്.

ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ എം.സി.എഫ് കളിൽ എത്തിക്കുന്നതിന് വാഹനം വാടകക്ക് ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

**IV.പ്രവർത്തനങ്ങൾ**

**I) മാലിന്യ ശേഖരണം / കയ്യൊഴിക്കൽ**

ഹരിത കർമ്മസേനയിലെ അംഗങ്ങൾ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വാടക വാഹനങ്ങൾ ഉപയോഗിച്ച് MCF ലേക്ക് എത്തിക്കുകയും അവിടെ വച്ച് തരം തിരിച്ച് വില്പന നടത്താവുന്നവ വില്പന നടത്തുകയും മറ്റുള്ളവ റിജക്റ്റഡ് വേസ്റ്റ് കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് നൽകി കൈയ്യൊഴിക്കുകയുമാണ് ചെയ്യുന്നത്.

2022-23 സാമ്പത്തിക വർഷത്തിൽ ആകെ 68834 Kg സ്ക്രാപ്പ് , 80740 Kg റിജക്റ്റഡ് വേസ്റ്റ് എന്നിവ ഗ്രീൻ വോം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ക്രാപ്പ് വില്പനയിലൂടെ ₹ 490033 ഹരിത കർമ്മസേനക്ക് ലഭിച്ചിട്ടുണ്ട്. റിജക്റ്റഡ് വേസ്റ്റ് കൊണ്ടുപോകുന്നതിന് 2022-23 ൽ ₹569120 പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ കാഷ്ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല.

**Ii) യൂസർ ഫീ കളക്ഷൻ**

അജൈവ മാലിന്യം ശേഖരിക്കുന്നതിന് ഗുണഭോക്താക്കളിൽ നിന്ന് യൂസർ ഫീ കളക്റ്റ് ചെയ്യുന്നതിന് രസീത് നൽകുന്നുണ്ട്. അതിനാൽത്തന്നെ യൂസർ ഫീ നൽകാത്തവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ സർക്കാർ നിർദ്ദശപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നുണ്ട്.

**III) വരുമാന മാർഗ്ഗങ്ങൾ**

യൂസർ ഫീ, സ്ക്രാപ്പ് വില്പന എന്നീ ഇനങ്ങളിൽ ലഭിക്കുന്ന വരവ് മാത്രമാണ് പഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ വരുമാന മാർഗ്ഗങ്ങൾ. സാധാരണ വരുമാന മാർഗ്ഗങ്ങളായ യൂസർഫീ, സ്ക്രാപ്പ് വില്പന വരവ് എന്നിവയ്ക്ക് പുറമെ ഹരിത കർമ്മസേനയുടെ വരുമാന മാർഗ്ഗങ്ങളായി നടപ്പിലാക്കാവുന്ന വിവിധ പ്രവർത്തനങ്ങൾ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യ ശേഖരണം എന്നതിലുപരി ഇതിനെ ഒരു സംരംഭമായി വളർത്തി മാന്യമായ തൊഴിൽ മേഖലയാക്കി മാറ്റുന്നതിന് സർക്കാർ

ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതുണ്ട്.

**V)ചെലവിന്റെ വിവരം**

2022-23 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ഫണ്ട് ചെലഴിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു

| പ്രൊജക്റ്റ് | ചെലവ് | കുറിപ്പ് |
|---|---|---|
| 108/23 MCF അനുബന്ധച്ചെലവുകൾ | 483963 | റിജക്റ്റഡ് വേസ്റ്റ് ഡിസ്പോസൽ -209,040<br>അടിസ്ഥാന സൗകര്യങ്ങൾ - 80923<br>MCF വാടക - 64000<br>വാഹന വാടക - 130,000 |
| 321/23<br>MCF അനുബന്ധച്ചെലവുകൾ(രണ്ടാം ഘട്ടം ) | 534080 | റിജക്റ്റഡ് വേസ്റ്റ് ഡിസ്പോസൽ -360080<br>MCF വാടക - 74000<br>വാഹന വാടക - 100,000 |

**VI)രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ്.**

ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല. 2023-24 വർഷം മുതൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം ക്രമീകരിച്ച് പ്രവർത്തനം ചിട്ടപ്പെടുത്തി വരുന്നുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**VII)ശുപാർശകൾ.**

- ഹരിത കർമ്മസേനയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങളുള്ള MCF, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടികൾസ്വീകരിക്കുക.
- ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഹരിത കർമ്മസേന മുഖേന നടപ്പിലാക്കുക.
- ഹരിത കർമ്മ സേനയുടെ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം സുഗമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- മാലിന്യസംസ്കരണത്തിന് പൊതു ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും, മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൽ നടത്തുക

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മിനി എം.സി.എഫ്, ബോട്ടിൽ ബൂത്ത് എന്നിവയുടെ നിർമ്മാണം - അധിക തുക അനുവദിച്ചു.

| പ്രൊജക്റ്റ് നമ്പർ | 228/23 | 229/23 |
|---|---|---|
| പദ്ധതിയുടെ പേര് | അങ്കണവാടികളിൽ മിനി എം.സി.എഫ് സ്ഥാപിക്കൽ. | അങ്ങാടികളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ. |
| അടങ്കൽ തുക | 5,10,000/- രൂപ<br>(കേന്ദ്രാവിഷ്കൃത ഫണ്ട്) | 9,60,000/- രൂപ<br>(കേന്ദ്രാവിഷ്കൃത ഫണ്ട്) |
| വിനിയോഗിച്ച തുക | 5,08,200/- രൂപ | 9,49,995/- രൂപ |
| വൗച്ചർ നമ്പർ / തിയ്യതി | 222000730/06.01.2023 | 222000731/06.01.2023 |

2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്റ്റുകൾ പ്രകാരമുള്ള 27 ബോട്ടിൽ ബൂത്തുകൾ, 40 മിനി എം.സി.എഫുകൾ, എന്നിവ സോഷ്യോ ഇക്കണോമിക്

ഫൗണ്ടേഷൻ, മലപ്പുറമാണ് സ്ഥാപിച്ചിട്ടുള്ളത്. SEUF ന്റെ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ജി.എസ്.ടി ഉൾപ്പെടെ ഒരു ബോട്ടിൽ ബൂത്തിന് 35,185/- രൂപയും ഒരു മിനി എം.സി.എഫ് ന് 12,705/- രൂപയുമാണ് വില വന്നിട്ടുള്ളത്. ഇത് പ്രകാരം 27 ബോട്ടിൽ ബൂത്തുകൾക്കായി 9,49,995/- രൂപയും 40 മിനി എം.സി.എഫ് കൾക്കായി 5,08,200/- രൂപയും ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ച ബോട്ടിൽ ബൂത്ത് വിവിധ അംഗൻവാടികളിൽ സ്ഥാപിച്ച മിനി എം.സി.എഫ്, എന്നിവ ഗ്രാമപഞ്ചായത്തിലെ NREGS അസിസ്റ്റന്റ് എഞ്ചിനിയറായ ശ്രീ.ജിതേഷ്.എ എന്നവരുടെ സാന്നിധ്യത്തിൽ 17.10.2023 ന് 11 Am ന് നേരിൽ സന്ദർശിക്കുകയുണ്ടായി. സ്ഥല പരിശോധനയുടെ ഭാഗമായി തെരട്ടമ്മൽ അങ്ങാടി, ഈസ്റ്റ് വടക്കുംമുറി എന്നിവിടങ്ങളിലെ ബോട്ടിൽ ബൂത്ത് എന്നിവയും തെരട്ടമ്മൽ അംഗൻവാടി, സെന്റർ നം 57, 67 എന്നിവയിലെ മിനി എം.സി.എഫ് എന്നിവയും നേരിൽ പരിശോധിച്ചു. പരിശോധനയിൽ SEUF ന്റെ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ പ്രകാരമല്ല മിനി എം.സി.എഫുകളും ബോട്ടിൽ ബൂത്തുകളും നിർമ്മിച്ചിരിക്കുന്നത് എന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു.

SEUF നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലും അങ്കണവാടികളിലും സ്ഥാപിച്ചിട്ടുള്ള മിനി എം.സി.എഫ്, ബോട്ടിൽ ബൂത്തുകൾ എന്നിവയുടെ യഥാർത്ഥ സ്പെസിഫിക്കേഷന്റേയും അതനുസരിച്ച് നൽകാവുന്ന തുകയുടെയും വിശദ വിവരം താഴെ ചേർക്കുന്ന പ്രകാരമാണ്.

**1). ബോട്ടിൽ ബൂത്ത്**

| Item | DSR Code | Work | അളവ് | അംഗീകരിക്കാവുന്ന ഭാരം | നൽകാവുന്ന തുക |
|---|---|---|---|---|---|
| 1 | 10.16.1 @ 158.79 / Kg | Bottle Booth Legs ( 25x25x1.2 Mm MS Tube) | 1.7 M X 6 Nos | 10.2 X 0.9 Kg | 15045.35 |
| | | Horizontal Brazing ( 25x25x1.2 Mm MS Tube) | 2 M X 5 Nos<br>0.8 M X10 Nos | 18 X 0.9 Kg | |
| | | Bottle Booth Vertical Brazing ( 25x25x1.2 Mm MS Tube) | 1.2 M X 4 Nos<br>0.2 M X 3 Nos | 5.4 X 0.9 | |
| | | Bottle Booth Roof Purlins & Side<br>( 25x25x1.2 Mm MS Tube) | 2.6 M X 4 Nos<br>0.6 M X 4 Nos | 12.8 X 0.9 | |
| | | Bottle Booth Door Frame ( 4 Doors)<br>( 20x20x1.2 Mm MS Tube) Vertical & Horiz | 1.2 M X 8 Nos (Verti)<br>0.45x 12 Nos | 15 X 0.71 Kg | |
| | | 0.8mm MS Sheet (Front ) | 2m X 1.2 M | 2.4 X 6.3 | |
| | | 0.8mm MS Sheet ( Back ) | 2m X 1.2 M | 2.4x 6.3 | |
| | | 0.8mm MS Sheet ( Sides ) | 2x 0.8x 1.2 M | 1.92 X 6.3 | |
| | | Total | | 94.75 Kg | |
| 2 | 5.21 @ 385.4/ M2 | Mesh Bottom | 2m X 0.8 M | 1.6 | 2374.06 |
| | | Mesh Inside | 3 X 0.8x 1.2 | 2.88 | |
| | | Mesh Top | 2 X 2x 0.3<br>2x 0.8x0.3 | 1.68 | |
| | | Total | | 6.16 M2 | |
| 3 | 13.52.1 @ 164.7 /M2 | Painting | 12.509 M2 | 12.509 M2 | 2060.23 |
| Extra Item | 51.20 @563.69 | Roofing With 0.35 Mm Roofing Sheet | 2x 0.8x 2.6 | 4.16 | 2344.95 |
| | | Name Board | | | 1600 |
| | | Total | | | 23424.59 |
| | | 12 % GST | | | 2810.95 |

| | | | |
|---|---|---|---|
| | | **Total** | **26236** |

**2). മിനി എം സി.എഫ്.**

| Item | DSR Code | Work | അളവ് | അംഗീകരിക്കാവുന്ന ഭാരം | നൽകാവുന്ന തുക |
|---|---|---|---|---|---|
| 1 | 10.16.1<br>@ 158.79 / Kg | Mini MCF Legs<br>( 25x25x1.2 Mm MS Tube) | 1.4 M X 4 Nos | 5.6 X 0.9 Kg | 7517.12 |
| | | Mini MCF Horizontal Brazing ( 25x25x1.2 Mm MS Tube) | 1.1 M X 4 Nos<br>0.45 M X6 Nos | 7.1 X 0.9 Kg | |
| | | Mini MCF Vertical Brazing ( 25x25x1.2 Mm MS Tube) | 1.1 M X 2 Nos | 2.2 X 0.9 | |
| | | Mini MCF Roof Purlins & Side<br>( 25x25x1.2 Mm MS Tube) | 1.55 M X 4 Nos<br>0.45 M X 4 Nos | 8 X 0.9 | |
| | | Mini MCF Door Frame ( 4 Doors)<br>( 20x20x1.2 Mm MS Tube) Vertical & Horiz | 0.5 M X 6 Nos (Verti)<br>1.1x 4 Nos | 7.4x 0.71 Kg | |
| | | 0.8mm MS Sheet (Front ) | 1.1 X 1.1 M | 1.21 X 6.3 | |
| | | 0.8mm MS Sheet ( Back ) | 1.1 X 1.1 M | 1.21x 6.3 | |
| | | 0.8mm MS Sheet ( Sides ) | 2x 0.45x 1.1 M | 0.99 X 6.3 | |
| | | Total | | 47.34 Kg | |
| 2 | 5.21<br>@ 491.55/ M2 | Mesh Bottom | 1.1m X 0.45 M | 0.50 | 491.55 |
| | | Mesh Inside | 1 X 0.45x 1.1 | 0.50 | |
| | | Total | | 1 M2 | |
| 3 | 13.52.1 @ 210.06 /M2 | Painting | 0.78m2 | 0.78 M2 | 163.85 |
| Extra Item | 51.20<br>@563.69 | Roofing With 0.35 Mm Roofing Sheet | 2x 1.6 X 0.6 | 1.92 | 1082.28 |
| | | Sticker Work | | | 1050 |
| | | Total | | | 10304.80 |
| | | 12 % GST | | | 1236.58 |
| | | **Total** | | | **11542** |

ഇത് പ്രകാരം ജി.എസ്.ടി ഉൾപ്പെടെ ഒരു ഒരു ബോട്ടിൽ ബൂത്തിന് 26,236/- രൂപയും മിനി എം.സി.എഫിന് 11,542/- രൂപയും മാത്രമാണ് ചെലവ് വരുന്നത്.
ഇതനുസരിച്ച് മേൽ പരാമർശിച്ച ഇനങ്ങൾക്ക് നൽകാവുന്ന തുക ചേർക്കുന്നു.

| ഇനം | ഒരു യൂണിറ്റിന്റെ യഥാർത്ഥ തുക. | യൂണിറ്റുകളുടെ എണ്ണം. | അനുവദിക്കാവുന്ന തുക. | അനുവദിച്ച തുക | അധികം അനുവദിച്ചത്. |
|---|---|---|---|---|---|
| ബോട്ടിൽ ബൂത്ത് | 26236 | 27 | 7,08,372/- രൂപ | 9,49,995/- രൂപ | 2,41,623/- രൂപ |
| മിനി എം.സി.എഫ് | 11542 | 40 | 4,61,680/- രൂപ | 5,08,200/- രൂപ | 46,520/- രൂപ |
| ആകെ | | | 11,70,052/- രൂപ | 14,58,195/- രൂപ | 2,88,143/- രൂപ |

അധികം നൽകിയ 2,88,143/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്ന് തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.31/18.10.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2022-23 | 2022-23വർഷത്തെ ഓഡിറ്റ് വേളയിൽ പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 441825 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (56/23) | 441825 | 0 |
| ജില്ലാ പഞ്ചായത്ത് | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്( 56/23) | 500000 | 0 |
| | 1200000 | ലൈഫ് ഭവന നിർമ്മാണം എസ്.സി(88/23) | 1200000 | 0 |
| | 360000 | ലൈഫ് ഭവന നിർമ്മാണം എസ്.ടി(189/23) | 360000 | 0 |
| | 300678 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി(201/23) | 300678 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ .

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല

### 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018 /LSGD/ 18.05.18 | 1952000 | 3927347 | 2589365 | 0 | 3289982 |

കുറിപ്പ് : വായ്പ തിരിച്ചടവ്. നീക്കിബാക്കി തുകകൾ വാർഷിക കണക്കും രജിസറ്ററുമായും പൊരുത്തപ്പെടുന്നില്ല. ജി.ഒ പ്രൊജക്ടുകൾ പ്രകാരമുള്ള തിരിച്ചടവിന്റെ അടിസ്ഥാനത്തിലുള്ള തുകകളാണ് രേഖപ്പെടുത്തിയത്.

### 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി.

AFS പ്രകാരം ഈയിനത്തിൽ തൻവർഷം ലഭിച്ച 2818/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1991-92 | 8(b) | 75 | സെക്രട്ടറി | 1220100348/ 23.05.2022 |
| 2004-05 | 2(2) | 190 | പി.ടി മുഹമ്മദലി, ക്ലർക്ക് | 1220100349/ 23.05.2022 |

| | | | | |
|---|---|---|---|---|
| 2015-16 | 12(10) | 769 | ശ്രീറാം, മാനേജർ-കാനറ ബാങ്ക് വെറ്റിലപ്പാറ | 1220102882/ 29.12.2022 |
| 2021-22 | | 774 | അശോക് കുമാർ | 1220103169/ 17.01.2023 |
| 2021-22 | | 40 | അശോക് കുമാർ | 12201003318/ 28.01.2022 |
| 2019-20 | 1-12(1) | 100 | അബ്ദുൽ ഹമീദ് | 1220104846/ 14.03.2023 |
| 2021-22 | | 870 | MO CHC വെറ്റിലപ്പാറ | 12201003137/ 12.01.2023 |
| | ആകെ | 2818 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 35(4),47 | 2004-05 | --- | സഹകരണ സംഘങ്ങൾക്ക് ധനസഹായം. | നിയമസഭാ സമിതിയുടെ പരിഗണയിൽ ആണ് |
| 2014-15 | 2(2),2(3),2(4), | 2016-17 | --- | --- | നിയമസഭാ സമിതിയുടെ പരിഗണയിൽ ആണ് |
| 2015-16 | 2(8),2(9),2(10), 2(11),2(12) | 2016-17 | --- | --- | നിയമസഭാ സമിതിയുടെ പരിഗണയിൽ ആണ് |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക**

ഇല്ല

**ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക**

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1999-00 | 24,25(1),(2) | ശ്രീ.വേലായുധൻ, ജൂനിയർ സൂപ്രണ്ട്, തദ്ദേശ സ്വയംഭരണ വകുപ്പ് | LF4256/ Spl.Cell(SC5) /06/19.05.08 | 13700/- | -- | -- | -- | -- | -- | 13700/- |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ). സംക്ഷിപ്ത വിവരം.

| | |
|---|---|
| മുന്നിരിപ്പ് | 46328232.71 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 325237803 |
| ആകെ | 371566035.71 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 299674727 |
| നീക്കിയിരിപ്പ് | 71891308.71 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,88,143/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2926200 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | . | 2,88,143/- | ശ്രീ. അബ്ദുൾ ഗഫൂർ.ടി., അസിസ്റ്റന്റ് സെക്രട്ടറി |

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 806000 | ശ്രീ. ഷെബിൻ ടി.പി, കൃഷി ഓഫീസർ – 462000<br>ശ്രീമതി. റൈഹാനത്ത് യു, കൃഷി ഓഫീസർ – 344000 |
| 1-33 | 580000 | ശ്രീ. ബിജു കെ.ജെ, വി.ഇ.ഒ |
| 1-38 | 1120200 | ശ്രീമതി. ബാസിമ പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-39 | 420,000 | ശ്രീ. സുബ്രഹ്മണ്യൻ പാട്ടുകാണി, ഹെഡ് മാസ്റ്റർ |
| ആകെ | 2926200 | |

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല. | | |

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 3-1 | 2,88,143/- | ശ്രീ. അബ്ദുൾ ഗഫൂർ.ടി., അസിസ്റ്റന്റ് സെക്രട്ടറി | തിരുമംഗലത്ത് ഹൗസ്, മാവൂർ.പി.ഒ., കോഴിക്കോട് ജില്ല-673661 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1984-85 | എൽ.എഫ്.എം.9/997/07 തി.28.1.1993 | 1 |
| 1994-95 | എൽ.എഫ്.എം.9/194/05 തി.4.6.2005 | 8 |
| 1995-96 | എൽ .എഫ്.എം.9/ 193/05 തി.4.06.2005 | 7 |
| 1996-97 | എൽഎഫ്.എം.6/3044/2016 തി.21.11.2018 | 12 |
| 1997-98 | കെ.എസ്.എ.എം.പി.എം.19/2796/2015/28.02.2016 | 5 |
| 1998-99 | കെ.എസ്.എ.എം.പി.എം.6/2257/2022/13.04.2023 | 7 |
| 1999-00 | കെ.എസ്.എ.എം.പി.എം.6/2257/2022/13.04.2023 | 12 |
| 2000-01 | കെ.എസ്.എ.എം.പി.എം.6/2257/2022/13.04.2023 | 8 |

| | | |
|---|---|---|
| 2001-02 | | |
| 2004-05 | കെ.എസ്.എ.എം.പി.എം.6/2257/2022/13.04.2023 | 4 |
| 2006-07 | കെ.എസ്.എ.എം.പി.എം.6/2257/2022/13.04.2023 | 10 |
| 2007-08 | കെ.എസ്.എ.എം.പി.എം.6/2257/2022/13.04.2023 | 11 |
| 2008-09 | കെ.എസ്.എ.എം.പി.എം.6/2257/2022/13.04.2023 | 9 |
| 2009-10 | കെ.എസ്.എ.എം.പി.എം.6/2257/2022/13.04.2023 | 9 |
| 2010-11 | കെ.എസ്.എ.എം.പി.എം.6/2257/2022/13.04.2023 | 7 |
| 2011-12,12-13 | കെ.എസ്.എ.എം.പി.എം.6/2257/2022/13.04.2023 | 5 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.6/389/2023/13.04.2023 | 7 |
| 2015-16 | കെ.എസ്.എ.എം.പി.എം.6/389/2023/13.04.2023 | 10 |
| 2016-17 | കെ.എസ്.എ.എം.പി.എം.6/389/2023/13.04.2023 | 4 |
| 2017-18 | കെ.എസ്.എ.എം.പി.എം.6/389/2023/13.04.2023 | 13 |
| 2018-19 | കെ.എസ്.എ.എം.പി.എം.6/389/2023/13.04.2023 | 7 |
| 2019-20 | കെ..എസ്.എ.എം.പി.എം.6/1620/2021/24-11-2022 | 15 |
| 2020-21 | കെ..എസ്.എ.എം.പി.എം.6/1621/2021/02-12-2022 | 16 |
| 2021-22 | കെ.എസ്.എ.എം.പി.എം 6/ 61/2023 തി. 08.06.2023 | 11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

എം.എ.11/2023

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5 dated 24-07-2023 and submitted on 30-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Urangattiri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Urangattiri Grama Panchayat for the year 2022-2023

**Date: 06/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Urangattiri Grama Panchayat for the Year 2022-2023 .

**1.Major Observations**

**2.Other Observations**

1)The following mandatory financial statements prescribed in accounting rules are not submitted for audit

i. Ratios
ii. Notes on accounts
iii. Comparative amounts)
2)Asset Register is not upto date and hence not reliable for audit
3)Calculated Worksheet of Depreciation of Fixed Assets is not produced for verification.
4)Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
5) Employment Guarantee Scheme contribution amounts do not match between the Annual Financial Statements and the NREGS Cash Book.

6) Bank Reconciliation Statements are not kept attested timely.
7) Factories/Traders License Fees collection amounts do not match between the Annual Financial Statements and the

Register.

8) Loan amounts do not match between the Annual Financial Statements and the Register

## അനുബന്ധം–2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്